**ക്ലാസ് – 9**

**കലാവിദ്യാഭ്യാസം**

# 1. പ്രകൃതി

## 1.1 ദേശം, കല, ജീവിതം

ഇന്ത്യ വിവിധ സാംസ്കാരിക വൈവിധ്യങ്ങളാലും വ്യത്യസ്ത കലാപാരമ്പര്യങ്ങളാലും സമ്പന്നമാണ്. കാലം, ദേശം, ജീവിതരീതി, സംസ്കാരം എന്നിവയുടെ വൈവിധ്യത്താൽ ഉടലെടുത്ത ബൃഹത്തായ കലാ മേഖലകളാണ് നമുക്കുള്ളത്. ചിത്രകല, ശില്പകല, സംഗീതം, നൃത്തം, നാടൻകലകൾ, അവതരണ കലകൾ തുടങ്ങിയവ അവയിൽ ചിലതാണ്. ഗോത്ര ജനതയ്ക്കിടയിൽ രൂപപ്പെട്ടുവന്നിട്ടുള്ള തനത് ചിത്രരചനാ ശൈലികൾ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. അത്തരത്തിൽ ചില തനത് ചിത്രരചനാ ശൈലികളും അവയുടെ പ്രത്യേകതകളുമാണ് ഈ പാഠഭാഗത്തിൽ പ്രതിപാദിക്കുന്നത്.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യങ്ങൾ**

- വാർലി ചിത്രങ്ങളുടെ പ്രത്യേകതകളും തനത് സാംസ്കാരിക വൈവിധ്യങ്ങളും മനസ്സിലാക്കി ആവിഷ്ക്കരിക്കുന്നു.
- ഇന്ത്യയിൽ നിലനിൽക്കുന്ന വിവിധ തനത് ചിത്രരചനാ ശൈലിയും സാംസ്കാരിക വൈവിധ്യങ്ങളേയും മനസ്സിലാക്കുന്നു.
- കളമെഴുത്ത് എന്ന കേരളീയ ചിത്രരചനാശൈലി മനസ്സിലാക്കുകയും പ്രത്യേകത തിരിച്ചറിഞ്ഞ് അവതരിപ്പിക്കുകയും ചെയ്യുന്നു.

| ആശയം/ ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉല്പന്ന ൾ |
|---|---|---|---|
| • വിവിധങ്ങളായ ഗോത്രപാരമ്പര്യങ്ങളെയും അവയിലെ സവിശേഷമായ തനത് ചിത്രരചനാ ശൈലികളെയും പരിചയിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു.<br>• ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലെ ഗോത്രവിഭാഗങ്ങളുടെ ചിത്രരചനാ ശൈലി പരിചയപ്പെടുന്നു.<br>• പ്രാദേശിക ചിത്രരചനാ ശൈലികളും അവയുടെ വ്യത്യസ്തതകളും പ്രത്യേകതകളും മനസ്സിലാക്കുന്നു. | • വിവിധ ഗോത്ര പാരമ്പര്യങ്ങളിലുള്ള വ്യത്യസ്തങ്ങളായ തനത് ചിത്രരചനാ ശൈലികളുടെ ചിത്രനിരീക്ഷണം.<br>• വാർളി ചിത്രരചനാ ശൈലിയിൽ ചിത്രം വരയ്ക്കുന്നു.<br>• കേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാന കലാ രൂപമായ കളമെഴുത്ത് നിരീക്ഷിക്കുന്നു.<br>• കളമെഴുത്തിൽ ഉപയോഗിക്കുന്ന പ്രകൃതിദത്ത വർണ്ണങ്ങൾ തിരിച്ചറിഞ്ഞ് ലഭ്യമായ വർണ്ണപൊടികളുടെ പട്ടിക തയ്യാറാക്കുക<br>• കണ്ടെത്തിയ വർണ്ണപൊടികൾ ഉപയോഗിച്ച് ധൂളീചിത്രം തയ്യാറാക്കൽ<br>• ചർച്ച | • ഡ്രോയിങ് ബുക്ക്, പേപ്പർ, പെൻസിൽ, നിറങ്ങൾ,<br>• പ്രകൃതിദത്ത വർണ്ണപൊടികൾ<br>• ഐ.സി.ടി –<br>- വാർളി ചിത്രങ്ങൾ<br>- തർപ്പനൃത്തം (ചിത്രം വീഡിയോ)<br>- ഭീൽ ചിത്രങ്ങൾ<br>- ഗോണ്ട്ചിത്രങ്ങൾ<br>- പട്ടചിത്ര<br>- മധുബനി<br>- താംഗ്ക<br>- കാംഗ്ര<br>- കളമെഴുത്ത് | • സ്റ്റിക് ഫിഗർ ചിത്രങ്ങൾ<br>• ജ്യമിതീയ രൂപങ്ങൾ ഉപയോഗിച്ചുള്ള മനുഷ്യരൂപം |

## പാഠഭാഗത്തിലൂടെ..

**പീരീഡ് 1**

അഞ്ച് രേഖകളും ഒരു വൃത്തവും ഉപയോഗിച്ച് സ്റ്റിക്ക് ഫിഗർ വരയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് ടീച്ചർ ക്ലാസ് ആരംഭിക്കുന്നത്.

ഉദാ: 

ജാമിതീയ രൂപങ്ങളെ കണ്ടെത്തുവാനും വരയ്ക്കുവാനും ആവശ്യപ്പെടുന്നു.

ഉദാ: 

തുടർന്ന് ജാമിതീയ രൂപങ്ങളായ ത്രികോണവും വൃത്തവും ഉപയോഗിച്ച് ഒരു മനുഷ്യരൂപം വരയ്ക്കുവാനായി ആവശ്യപ്പെടുന്നു.

(എല്ലാ കുട്ടികളും ചിത്രം വരച്ചു എന്ന് ടീച്ചർ ഉറപ്പുവരുത്തേണ്ടതാണ്)

ചിത്രം വരച്ചതിനുശേഷം പാഠപുസ്തകത്തിലെ വാർലി ചിത്രങ്ങൾ നിരീക്ഷിക്കുവാൻ വേണ്ടുന്ന നിർദ്ദേശം നൽകുന്നു.

**സൂചകങ്ങൾ:**

കൃഷി , ആഘോഷം , വാദ്യോപകരണങ്ങൾ തുടങ്ങിയവ.

ശേഷം സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട് വാർലി ചിത്രരചന ശൈലിയിൽ ചിത്രം വരയ്ക്കുക എന്ന പ്രവർത്തനം കുട്ടികളെ കൊണ്ട് ക്ലാസ്സ് റൂമിൽ ചെയ്യിക്കുന്നു. (ഉദാഹണ ചിത്രങ്ങൾ പാഠപുസ്തകത്തിൽ നിന്നും പരാമർശിക്കാം.)

വാർലി ചിത്രരചന ശൈലിയിൽ പ്രത്യേകതകൾ നിരീക്ഷിച്ച് ഭാവനാത്മകമായ ചിത്രം വരച്ച് നിറം നൽകി അവതരിപ്പിക്കുന്നു.

വരച്ചു പൂർത്തിയാക്കിയ ചിത്രങ്ങൾ ഫ്രെയിം ചെയ്ത് ക്ലാസ് മുറിയിലോ സ്കൂൾ അന്തരീക്ഷത്തിലോ പ്രദർശിപ്പിക്കുവാൻ വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

പാഠപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന വാർലി ചിത്രരചനാശൈലിയും , സാംസ്കാരിക വൈവിധ്യങ്ങളും പാഠപുസ്തകത്തെ ആസ്പദമാക്കി കുട്ടികളോട് സംവദിക്കാം.

**പീരീഡ് 2**

താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗിച്ച് ദേശം കല ജീവിതം എന്ന പാഠഭാഗത്തേക്ക് പ്രവേശിക്കാം
ടീച്ചർ കുട്ടികളെ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ എണ്ണമെടുക്കുക

- ഗ്രൂപ്പ് 1. - സംസ്ഥാനം
- ഗ്രൂപ്പ് 2. - പ്രയോഗരീതികൾ
- ഗ്രൂപ്പ് 3. - കാഴ്ചയിലുള്ള വ്യത്യാസങ്ങൾ

ഒന്ന് എണ്ണിയ കുട്ടികൾ സംസ്ഥാനങ്ങൾ , രണ്ട് എണ്ണിയ കുട്ടികൾ പ്രയോഗരീതികൾ, മൂന്ന് എണ്ണിയ കുട്ടികൾ കാഴ്ചയിലുള്ള വ്യത്യാസങ്ങൾ എന്നിങ്ങനെ മുകളിൽ കൊടുത്തിരിക്കുന്ന ഓരോ സൂചകങ്ങൾ തിരഞ്ഞെടുക്കണം.

വാർലി, ഭീൽ, ഗോണ്ട്, പട്ട ചിത്ര, മധുബനി, താംഗ്ക, കാംഗ്ര, കളമെഴുത്ത് എന്നിവയെപ്പറ്റി ഒന്ന്, രണ്ട്, മൂന്ന് ക്രമത്തിൽ നമ്പർ കിട്ടിയ കുട്ടികൾ അതാത് സൂചകങ്ങൾ ഉപയോഗിച്ച് കുറിപ്പ് തയ്യാറാക്കുക അവതരിപ്പിക്കുക.
(എല്ലാ കുട്ടികളും ഈ പ്രവർത്തനത്തിൽ പങ്കാളികളായെന്ന് ടീച്ചർ ഉറപ്പുവരുത്തേണ്ടതാണ്)
പാഠഭാഗത്ത് നൽകിയിരിക്കുന്ന വിവിധ ചിത്രരചന ശൈലികളെപ്പറ്റി പറഞ്ഞ് ടീച്ചർ ക്രോഡീകരിക്കുന്നു.

**അധിക വിവരങ്ങൾ**

**ചിത്ര മാതൃകകൾ**

- കുട്ടികൾ വരച്ച ചിത്രങ്ങൾ ക്ലാസ്റൂമിലോ സ്കൂളിലെ ചിത്രമൂലയിലോ പ്രദർശിപ്പിക്കുക.
- കുട്ടികളോട് ചിത്രീകരണാനുഭവങ്ങൾ പങ്കുവയ്ക്കാൻ ആവശ്യപ്പെടുക.

**തനത് ചിത്രരചനാ ശൈലികൾ പരിചയപ്പെടൽ**

- പാഠഭാഗത്ത് നൽകിയിരിക്കുന്ന ഭീൽ, ഗോണ്ട്, പട്ടചിത്ര, മധുബനി, താംഗ്ക, കാംഗ്ര തുടങ്ങിയ ചിത്രരചനാശൈലികളുടെ വ്യത്യസ്തതകളും പ്രത്യേകതകളും പരിചയപ്പെടാടുത്തുന്നതിനായി ഓരോ ചിത്രരചനാ ശൈലികളുടേയും കൂടുതൽ ചിത്രങ്ങൾ ഐസിടി സാധ്യതകൾ ഉപയോഗിച്ച് പ്രദർശിപ്പിക്കാം.

**കളമെഴുത്ത്**

കളമെഴുത്ത് പരിചയപ്പെടുത്തുന്നതിന് വിവിധ കളങ്ങളുടെ ചിത്രങ്ങളും വീഡിയോകളും പ്രദർശി പ്പിക്കണം.

കളങ്ങളുടെ പ്രത്യേകതകൾ ചർച്ച ചെയ്ത് 'പഞ്ചവർണ്ണങ്ങൾ' എന്ന ആശയത്തിലേക്ക് കുട്ടികളെ എത്തിക്കണം. പരമ്പരാഗതമായി കളമെഴുത്തിനുപയോഗിക്കുന്ന വർണ്ണങ്ങൾ ഏതെല്ലാം വസ്തുക്കൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത് എന്ന് ചർച്ച ചെയ്യണം.

കുട്ടികൾക്ക് സ്വയം നിർമിക്കാവുന്നതോ കണ്ടെത്താവുന്നതോ ആയ പ്രകൃതിദത്ത വർണങ്ങൾ പട്ടികപ്പെടുത്തുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ.

- മഞ്ഞൾപ്പൊടി, അരിപ്പൊടി, കരിപ്പൊടി, ഉമിക്കരി, കല്ലുപൊടിച്ചത്, ഇലകൾ ഉണക്കിപ്പൊടിച്ചത്, മഞ്ഞളും ചുണ്ണാമ്പും ചേർത്ത മിശ്രിതം തുടങ്ങിയവ പ്രകൃതിദത്ത വർണ്ണങ്ങളാണ്.

കുട്ടികൾ കണ്ടെത്തിയ പ്രകൃതിദത്ത വർണ്ണങ്ങൾ ഉപയോഗിച്ച് നിർമ്മിച്ച ചിത്രങ്ങളുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നതിനുള്ള അവസരം ഒരുക്കുക.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- മധുബനി ചിത്രങ്ങളുടെ മറ്റൊരു പേര് എന്താണ്?
- ഹിമാചൽ പ്രദേശിൽ പതിനെട്ടാം നൂറ്റാണ്ടിൽ പ്രചാരത്തിൽ ഉണ്ടായിരുന്ന ചിത്രരചനാശൈലി ഏതാണ്?
- കളമെഴുത്തിൽ ഉപയോഗിക്കുന്ന പഞ്ചവർണ്ണങ്ങൾ ഏതെല്ലാം?

- വാർളി ചിത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

**നിരന്തര വിലയിരുത്തൽ പ്രക്രിയ**

ചിത്രപ്രദർശനങ്ങൾ, കുട്ടികളുടെ ചിത്രീകരണ അനുഭവം പങ്കുവയ്ക്കൽ ചർച്ചകളിലെ കുട്ടികളുടെ ഇടപെടൽ, ചിത്രപുസ്തകം

**അധിക വിവരങ്ങൾ**

മറ്റ് സംസ്ഥാനങ്ങളിൽ പ്രചാരത്തിലുള്ള കോലമെഴുത്ത്, രംഗോലി തുടങ്ങിയ ചിത്രങ്ങൾ വർണ്ണ പൊടികൾ ഉപയോഗിച്ചാണ് വരയ്ക്കുന്നത്.

- വിശദാംശങ്ങൾ
- ചരിത്രപശ്ചാത്തലം
- പ്രവർത്തനം ഘട്ടംഘട്ടമായി വിശദീകരിക്കണം
- തദ്ദേശീയമായി പ്രകൃതിദത്ത വർണ്ണങ്ങൾ കണ്ടെത്താൻ സാധിക്കുമോ
- പ്രാദേശികമായി കളമെഴുത്ത്, കോലമെഴുത്ത് തുടങ്ങിയ കലാരൂപങ്ങൾ ഉണ്ടോ എന്ന അന്വേഷണം
- മണ്മറഞ്ഞുപോയ തനത് ചിത്രരചനാരീതികളെ കണ്ടെത്തുക – പ്രോജക്ട്/ അസൈൻമെന്റ്
- Collective Art Practice - ചിത്രമതിൽ

**അധിക പ്രവർത്തനം**

1. 
   - തദ്ദേശീയമായി കോലമെഴുത്ത്, കളമെഴുത്ത്, ധൂളീചിത്രം എന്നിവ ഉണ്ടോയെന്ന് അന്വേഷിക്കുക.
   - അതിന്റെ പ്രത്യേകതകൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
   - ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
   - ചിത്രങ്ങളും കുറിപ്പുകളും ചേർത്ത് പ്രൊജക്റ്റ് പൂർത്തിയാക്കുക.

2. 
   - മൺമറഞ്ഞുപോയ തനത് ചിത്രരചനാരീതികൾ കണ്ടെത്താം.
   - മുൻപ് ഉണ്ടായിരുന്നതും പിൽക്കാലത്ത് പ്രാബല്യത്തിൽ ഇല്ലാത്തതുമായ തദ്ദേശീയ ചിത്രരചനാരീതികളും അതിന്റെ പ്രത്യേകതകളും അന്വേഷിക്കുക.
   - ലഭ്യമായ ചിത്രങ്ങൾ ശേഖരിക്കുകയോ ഫോട്ടോസ് എടുത്ത് ഡോക്യുമെന്റ് ചെയ്യുകയോ ചെയ്യുക.
   - ചിത്രങ്ങളുടെ പ്രത്യേകതകളെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.
   - ചിത്രങ്ങൾ, ഫോട്ടോഗ്രാഫുകൾ, കുറിപ്പുകൾ എന്നിവ ചേർത്ത് പ്രോജക്ട് പൂർത്തിയാക്കുക.

3. 
   - കൂട്ടമായി ചേർന്ന് ചിത്രരചന നടത്തുക.
   - പൊതുസ്ഥലത്തെ മതിൽ ചിത്രീകരണത്തിനായി ഉപയോഗിക്കുക.
   - ചിത്രമതിൽ തയ്യാറാക്കുക.
   - ചിത്രരചനാനുഭവം പങ്കുവയ്ക്കുക.

- ചിത്രരചന നടത്തുന്നതിന്റെയും പൂർത്തിയായ ചിത്രങ്ങളുടെയും ഫോട്ടോ ഡോക്യുമെന്റേഷൻ നടത്തുക.

**തുടർ വായന**

- കളമെഴുത്ത് ഒരു പൈതൃക കല – ഡോ.എം.വി.വിഷ്ണുനമ്പൂതിരി

  പ്രസാധകർ - കേരള ലളിതകലാഅക്കാദമി

- The painted world of the Warlis : Art and Ritual of the Warli Tribes of Maharashtra
  - Yashodhara Dalmai
  Published by Lalitkala Academy 1988

## 1.2 സംഗീതരൂപങ്ങളിലൂടെ

**ആമുഖം**

ഒരു കുട്ടി കർണ്ണാടകസംഗീതം പഠിച്ചുതുടങ്ങുമ്പോൾ പരിചയപ്പെടുന്ന വിവിധ സംഗീത രൂപങ്ങളെക്കുറിച്ചാണ് ഈ യൂണിറ്റിൽ ചർച്ച ചെയ്യുന്നത്. അവ എങ്ങനെ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നും അതിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്നും താരതമ്യപഠനത്തിലൂടെ തിരിച്ചറിയാൻ കഴിയും. ലളിതമായ പ്രാഥമിക പാഠങ്ങളിൽ തുടങ്ങി വേദിയിൽ അവതരിപ്പിക്കാൻ കഴിയത്തക്കവണ്ണമുള്ള സംഗീത രൂപങ്ങളെക്കുറിച്ചും ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നുണ്ട്. വൈവിധ്യമേറിയതും ശാസ്ത്രീയവുമായ വിവിധ സംഗീതരൂപങ്ങളെ പരിചയപ്പെടുന്നതിലൂടെ കർണ്ണാടക സംഗീതത്തെ പ്രായോഗികതയിൽ എത്തിക്കുന്നതിനും ആസ്വാദനശേഷി വർദ്ധിപ്പിക്കു ന്നതിനും വഴിയൊരുക്കുന്നു.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യങ്ങൾ**

- കർണ്ണാടക സംഗീതത്തിലെ അഭ്യാസഗാനങ്ങളിലും സഭാഗാനങ്ങളിലും ഉൾപ്പെടുന്ന സംഗീതരൂപങ്ങളെ പരിചയപ്പെടുന്നു.

| ആശയങ്ങൾ/ ധാരണകൾ | പ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • കർണാടക സംഗീതത്തിൽ അഭ്യാസഗാനങ്ങളും സഭാഗാനങ്ങളും ഉണ്ട്.<br>• അഭ്യാസ ഗാനങ്ങളിലും സഭാ ഗാനങ്ങളിലും നിരവധി സംഗീത രൂപങ്ങൾ ഉൾപ്പെടുന്നു.<br>• ഓരോ സംഗീത രൂപങ്ങളും വൈവിധ്യമാർന്നതും പ്രത്യേകതയുള്ളവയുമാണ്.<br>• സപ്തസ്വരങ്ങൾ ഉപയോഗിച്ച് സ്വരമാലകൾ നിർമ്മിക്കാൻ സാധിക്കും. | • രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് അഭ്യാസഗാനങ്ങളിലും സഭാഗാനങ്ങളിലും ഉൾപ്പെടുന്ന സംഗീതരൂപങ്ങളുടെ പേരുകൾ ഈണത്തിൽ പാടി പഠിക്കുന്നു.<br>• പാട്ടിലൂടെ സംഗീതരൂപങ്ങളുടെ പേരുകൾ ഹൃദിസ്ഥമാക്കുന്നു.<br>• ഓരോ സംഗീതരൂപങ്ങളുടെയും വൈവിധ്യങ്ങളും, പ്രത്യേകതകളും വിശദീകരിച്ച് പരിചയപ്പെടുന്നു.<br>• സ്വരമാലകൾ പാഠപുസ്തകത്തിലെ മാതൃകയിലൂടെ പരിചയപ്പെട്ട് നിർമ്മിക്കുന്നു.<br>• സ്വയം നിർമ്മിച്ച സ്വരമാലകൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>• സ്വരജതി ക്ലാസ്സ് റൂമിൽ ICT സാധ്യതയിലൂടെ കേൾപ്പിച്ച് അതിനോടൊപ്പം എല്ലാവരും ചേർന്നു പാടുന്നു. | • ഐ. സി. ടി<br>• ഗാനങ്ങൾ ഉൾപ്പെടുത്തിയ ഓഡിയോസ്<br>• ചാർട്ട് | • ചാർട്ട് പേപ്പറിൽ നിർമ്മിച്ച സ്വരമാല |

**പാഠഭാഗത്തിലൂടെ....**

**പീരീഡ് - 1 -**

സംഗീതരൂപങ്ങളിലൂടെ എന്ന യൂണിറ്റിലെ ആശയങ്ങളെ പ്രധാനമായും 5 ഭാഗങ്ങളായി ക്രമീകരിക്കാം:-

- ശാസ്ത്രീയ ഗാനങ്ങൾ, അർധശാസ്ത്രീയ ഗാനങ്ങൾ
- അഭ്യാസ ഗാനങ്ങൾ, സഭാഗാനങ്ങൾ
- സംഗീതരൂപങ്ങൾ
- സ്വരമാലയുടെ നിർമ്മാണം, അവതരണം.
- സംഗീതജ്ഞരെ പരിചയപ്പെടുത്തൽ

**ശാസ്ത്രീയഗാനങ്ങൾ**

കർണ്ണാടകസംഗീതത്തിൽ ഉപയോഗിച്ച് വരുന്നതും ഒരേ വരികൾ പലതവണ പല സംഗതികളാൽ ആവർത്തിച്ച് പാടുന്നതും പൂർണ്ണമായും ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയതാണ്.

**അർഥശാസ്ത്രീയഗാനങ്ങൾ**

ശാസ്ത്രീയാംശം നിലനിർത്തിക്കൊണ്ട് ലളിതമായ സാഹിത്യവും, ഒരേ വരികൾക്ക് ഒന്നോ രണ്ടോ സംഗതികൾ ആവർത്തിച്ചു പാടുന്നതും ശാസ്ത്രീയ ചിട്ടയെ പൂർണ്ണമായും അവലംബിക്കാത്തവയുമാണ്. ഗാനങ്ങളെയാണ് അർഥശാസ്ത്രീയ ഗാനങ്ങൾ എന്ന് പറയുന്നത്.

ത്യാഗരാജസ്വാമിയുടെ 'നഗുമോ', മുത്തുസ്വാമിദീക്ഷിതരുടെ 'വാതാപിഗണപതിം' എന്നീ കൃതികൾ ഐ.സി.ടി. സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് സർഗ്ഗം എന്ന സിനിമയിലെ 'സംഗീതമേ അമരസല്ലാപമേ', ഹിസ് ഹൈനസ് അബ്ദുള്ള എന്ന സിനിമയിലെ 'പ്രമദവനം വീണ്ടും' തുടങ്ങിയ അർധശാസ്ത്രീയ സിനിമാ ഗാനങ്ങളും കുട്ടികളെ കേൾപ്പിച്ച് പരിചയപ്പെടുത്തുന്നു.

മറ്റുള്ളവ കണ്ടെത്തി ആർട്ട്ബുക്കിൽ കണ്ടെത്തിയെഴുതൂ...

**1. ശാസ്ത്രീയഗാനങ്ങൾ**

- നഗുമോമൂ ഗനലേ നീ
- വാതാപി ഗണപതിം

**1. അർധശാസ്ത്രീയഗാനങ്ങൾ**

- സംഗീതമേ അമരസല്ലാപമേ
- പ്രമദവനം

ഇതുപോലുള്ള മറ്റ് ഗാനങ്ങൾ ടീച്ചർക്ക് കൂട്ടിച്ചേർക്കാം.

കർണ്ണാടക സംഗീതശാഖയിലെ ഗാനങ്ങൾ മറ്റ് ഗാനങ്ങളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു, ചർച്ച ചെയ്യാം.

ചർച്ചാസൂചകങ്ങൾ

- സ്വരങ്ങളുടെ സാന്നിധ്യം
- വരികളുടെ ആലാപനത്തിലെ ആവർത്തനം
- തുടക്കത്തിലുള്ള രാഗാലാപനം
- അകമ്പടി വാദ്യങ്ങളുടെ ഉപയോഗം

- പരമ്പരാഗതശൈലി

മറ്റുള്ളവ കൂട്ടിച്ചേർക്കാം.

**പ്രവർത്തനം**

കുട്ടികളെ 2 ഗ്രൂപ്പുകളായി തിരിച്ച് ഒരു ഗ്രൂപ്പിന് അഭ്യാസഗാനമെന്നും രണ്ടാം ഗ്രൂപ്പിന് സഭാഗാനമെന്നും പേര് നൽകുന്നു. ഓരോ ഗാനങ്ങളിലും ഉൾപ്പെടുന്ന സംഗീതരൂപങ്ങൾ കോർത്തിണക്കി ഈണത്തിൽ താളാത്മകമായി പാടി അവതരിപ്പിക്കാൻ അവശ്യപ്പെടുന്നു. (സംഗീതരൂപങ്ങളുടെ പേരുകൾ ഈ പ്രവർത്തനത്തിലൂടെ എല്ലാ കുട്ടികളും പഠിച്ചു എന്ന് ഉറപ്പുവരുത്തുക). ഓരോ സംഗീതരൂപങ്ങളേയും പാഠപുസ്തകത്തിലൂടെ വിശദമായി പരിചയപ്പെടുന്നു. സംഗീതരൂപങ്ങളുടെ വൈവിധ്യങ്ങളും പ്രത്യേകതകളും തിരിച്ചറിയുന്ന വിധത്തിൽ വിശദമാക്കുന്നു.

പാഠപുസ്തകം പേജ് 12, 13 ലെ പദസൂര്യനെ ആർട്ട്ബുക്കിൽ വരയ്ക്കുക.

സപ്തസ്വരങ്ങൾ, സരളിവരിശകൾ, ജണ്ഡവരിശകൾ

മോഹനഗീതം – വരവീണ

ബിലഹരി സ്വരജതി – 'രാരവേണു'

എന്നിവയിലെ ഏതാനും ഭാഗങ്ങൾ ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കേൾപ്പിക്കുന്നു.

## പീരീഡ് - 2

**സ്വരമാല നിർമ്മിക്കാം**

സപ്തസ്വരങ്ങൾ രേഖപ്പെടുത്തിയ 7 കാർഡുകൾ 7 കുട്ടികൾക്ക് നൽകുക... ആരോഹണ ക്രമത്തിൽ കാർഡുകൾ ഉയർത്തിപ്പിടിച്ച് നിന്ന ശേഷം എല്ലാവരും ചേർന്ന് സ്വരങ്ങൾ ആരോഹണ ക്രമത്തിൽ (സ രി ഗ മ പ ധ നി) പാടുന്നു. തുടർന്ന് അവരോഹണ ക്രമത്തിൽ (സ നി ധ പ മ ഗ രി) നിന്ന ശേഷം പാടിനോക്കുന്നു. ശേഷം ഈ സ്വരങ്ങൾ ആരോഹണ ക്രമത്തിലും അവരോഹണ ക്രമത്തിലും പ്രത്യേക പാറ്റേണിൽ എഴുതി വിവിധ സ്വരമാലകൾ നിർമ്മിക്കുന്നു.

ഉദാ:-

| | | | | | |
|---|---|---|---|---|---|
| സരി | രിഗ | ഗമ | മപ | പധ | ധനി |
| സനി | നിധ | ധപ | പമ | മഗ | ഗരി |
| സഗ | രിമ | ഗപ | മധ | പനി | ധസ |
| സരിഗ | രിഗമ | ഗമപ | മപധ | പധനി | ധനിസ |
| സനിധ | നിധപ | ധപമ | പമഗ | മഗരി | ഗരിസ |

ഇത്തരത്തിൽ സ്വരങ്ങൾ വിവിധ ക്രമത്തിൽ ചിട്ടപ്പെടുത്തിയ ചിട്ടയായ പഠന സമ്പ്രദായം നമുക്കുണ്ട്. ഈ രീതിയിൽ പാടി പരിശീലിച്ചാൽ മാത്രമേ സ്വരസ്ഥാനങ്ങൾ കൃത്യമായി പാടി ഉറപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഇത്തരം പ്രാഥമിക പരിശീലനപാഠങ്ങളെ അഭ്യാസഗാനങ്ങളെന്ന് പറയുന്നു. വരിശകൾ, അലങ്കാരങ്ങൾ, ഗീതങ്ങൾ സ്വരജതി, ജതിസ്വരം, വർണ്ണം, തുടങ്ങിയവ അഭ്യാസഗാനങ്ങളിൽ ഉൾപ്പെടുന്നു.

എന്നാൽ വർണ്ണം, കൃതി, കീർത്തനം, പദം, ജാവലി, തില്ലാന തുടങ്ങിയ സംഗീതരൂപങ്ങൾ വേദികളിൽ അവതരിപ്പിക്കാൻ തക്കവണ്ണമാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇത്തരം ഗാനങ്ങൾ പൊതുവേ സഭാഗാനങ്ങൾ എന്നറിയപ്പെടുന്നു.

വർണ്ണം അഭ്യാസഗാനമായും, സംഗീതക്കച്ചേരികളിൽ തുടക്കത്തിൽ പാടുന്ന സഭാഗാനമായും ഉപയോഗിച്ചു വരുന്നു. ഇത്തരത്തിൽ സംഗീതരൂപങ്ങൾ ചിട്ടപ്പെടുത്തിയ നിരവധി സംഗീതജ്ഞരാൽ സമ്പന്നമാണ് നമ്മുടെ നാട്. പ്രശസ്ത സംഗീതജ്ഞനായിരുന്ന സ്വാതിതിരുനാൾ പദവർണ്ണം, കൃതി, കീർത്തനം, പദം, ജാവലി, തില്ലാന തുടങ്ങി നിരവധി സംഗീത രൂപങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. പുരന്ദരദാസർ കർണ്ണാടക സംഗീത പിതാമഹനായും ത്യാഗരാജസ്വാമികൾ, മുത്തുസ്വാമിദീക്ഷിതർ, ശ്യാമശാസ്ത്രികൾ കർണ്ണാടക സംഗീതത്രിമൂർത്തികൾ ആയും അറിയപ്പെടുന്നു. ഇതുപോലെ കർണ്ണാടക സംഗീതത്തിന് മഹത്തായ നിരവധി സംഭാവനകൾ നൽകിയവരാണ് കുട്ടിക്കുഞ്ഞ് തങ്കച്ചി, കെ.സി. കേശവപിള്ള തുടങ്ങിയവർ. ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് ആർട്ട്ബുക്കിൽ രേഖപ്പെടുത്തുക.

**വരിശകൾ**

കർണാടകസംഗീതത്തിന്റെ അടിസ്ഥാന പാഠങ്ങളിൽ ഉൾപ്പെടുന്നവയാണ് വരിശകൾ.

**അലങ്കാരങ്ങൾ**

സപ്തതാളങ്ങളെ പരിചയപ്പെടുന്നതിന് വേണ്ടിയുള്ള അഭ്യാസഗാനമാണ് അലങ്കാരങ്ങൾ.

**ഗീതങ്ങൾ**

സ്വരവും സാഹിത്യവും ഉൾക്കൊള്ളുന്ന ലളിതമായ സംഗീതരൂപമാണ് ഗീതം.

ഗീതങ്ങൾ രണ്ടു വിധം ഉണ്ട്

സാമാന്യ ഗീതം, ലക്ഷണ ഗീതം.

**സാമാന്യ ഗീതം (ലക്ഷ്യഗീതം)**

ഏറ്റവും ലളിതമായി പാടാവുന്ന സംഗീത സൃഷ്ടികളാണ് സ്തുതി ഗീതങ്ങൾ അല്ലെങ്കിൽ സാമാന്യ ഗീതങ്ങൾ. രാഗത്തിന്റെ ലളിതമായ രൂപമാണ് അതിൽ പ്രകടിപ്പിക്കപ്പെടുന്നത്. ഗീതങ്ങളിൽ സ്വരത്തോടൊപ്പം സാഹിത്യം കാണപ്പെടുന്നു. സപ്തതാളങ്ങളിലും അവയുടെ വിഭാഗങ്ങളിലും ഗീതങ്ങൾ രചിച്ചിട്ടുണ്ട്. പുരന്ദരദാസൻ, രാമാമാത്യൻ, പൈദ്യാലഗുരുമൂർത്തിശാസ്ത്രി തുടങ്ങിയവർ സാമാന്യ ഗീതങ്ങൾ രചിച്ചവരാണ്.

**ലക്ഷണഗീതം**

ലക്ഷണ ഗീതത്തിൽ ദൈവസ്തുതികൾക്ക് പകരം സാഹിത്യത്തിന്റെ ഉള്ളടക്കം രാഗലക്ഷണങ്ങൾ ആയിരിക്കും. ഗോവിന്ദ ദീക്ഷിതർ, വെങ്കിടമഖി, പൈദ്യാലഗുരുമൂർത്തിശാസ്ത്രി, ഗോവിന്ദാചാര്യ തുടങ്ങിയവർ പ്രശസ്ത ലക്ഷണഗീത രചയിതാക്കളാണ്.

**സ്വരജതികൾ**

സ്വരജതിയിൽ സ്വരത്തോടൊപ്പം സാഹിത്യം ഉണ്ടാകും. നൃത്തത്തിനുള്ള ഒരുതരം സംഗീതം എന്ന നിലയ്ക്കാണ് സ്വരജതികൾ ഉത്ഭവിച്ചത്. സ്വാതിതിരുനാൾ, വാലാജപേട്ട കൃഷ്ണസ്വാമിഭാഗവതർ, ചിന്നകൃഷ്ണദാസർ പൊന്നയ്യാപിള്ള തുടങ്ങിയവർ സ്വരജതികൾ രചിച്ചിട്ടുണ്ട്.

**ജതിസ്വരങ്ങൾ**

സാഹിത്യം ഇല്ലാതെ സ്വരം മാത്രം ഉപയോഗിച്ചുകൊണ്ടുള്ള അഭ്യാസ ഗാനരൂപമാണ് ജതിസ്വരം. ജതിസ്വരങ്ങൾ നൃത്തത്തിന് ഉപയോഗിക്കുന്നവയാണ്.

**വർണ്ണങ്ങൾ**

അഭ്യാസ ഗാനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവയാണ് വർണ്ണങ്ങൾ. ഇവ രാഗഭാവത്തെ സമ്പുഷ്ടമാക്കുന്നു. വർണ്ണങ്ങൾ വിജ്ഞാനപ്രദങ്ങളായ സംഗീത സൃഷ്ടികളാണ്. വർണ്ണം അഭ്യാസ ഗാനത്തിലും സഭാ ഗാനത്തിലും ഉൾപ്പെടുന്ന സംഗീതരൂപമാണ്. താനവർണ്ണം , പദവർണം , ദരുവർണ്ണം എന്നിങ്ങനെ വർണ്ണങ്ങൾ മൂന്നു തരത്തിലുണ്ട്.

**താനവർണ്ണങ്ങൾ**

താന വർണ്ണത്തിന് പല്ലവി , അനുപല്ലവി , ചരണം എന്നിവയ്ക്ക് മാത്രമേ സാഹിത്യം ഉണ്ടായിരിക്കുകയുള്ളൂ. ശേഷമുള്ളവ സ്വരങ്ങൾ മാത്രമായിട്ടാണ് പാടുന്നത്. പച്ചി മറിയം ആദിയപ്പയ്യ , വീണ കുപ്പയ്യർ , പല്ലവി ഗോപാലയ്യർ, തിരുവട്ടിയൂർ ത്യാഗയ്യർ, പട്ടണം സുബ്രഹ്മണ്യ അയ്യർ, കൊത്ത വാസൽ വെങ്കിടരാമയ്യർ , സ്വാതി തിരുനാൾ, വടിവേലു, പരമേശ്വര ഭാഗവതർ, മുത്തയ്യ ഭാഗവതർ തുടങ്ങിയവർ താനവർണ്ണങ്ങൾ രചിച്ചിട്ടുള്ളവരാണ്.

**പദവർണ്ണം**

പദവർണ്ണങ്ങൾ നൃത്തത്തിനു വേണ്ടി രചിക്കപ്പെട്ടവയാണ്. ഇവ ഭാവപ്രാധാന്യമുള്ളവയും, നൃത്തത്തിനും ഉതകത്തക്ക വിധം വിളംബലയത്തിൽ (Slow Tempo) പാടി വരുന്നതുകൊണ്ട് സാധാരണ ചൗക്കവർണ്ണ ങ്ങൾ എന്നും പറയാറുണ്ട്. രാമസ്വാമി ദീക്ഷിതർ, പല്ലവി ശേഷയ്യർ മൈസൂർ സദാശിവറാവു, ഇരയിമ്മൻ തമ്പി, വടിവേലു തുടങ്ങിയവർ പദവർണ്ണങ്ങൾ രചിച്ചിട്ടുണ്ട്.

**ദരുവർണ്ണം**

ദരുവർണ്ണം എന്നത് പദവർണ്ണവും താനവർണവും കൂടിക്കലർന്ന സംഗീതരൂപമാണ്. ഇതിൽ സ്വരം, സാഹിത്യം എന്നിവയ്ക്ക് പുറമേ ജതികളും അടങ്ങിയിരിക്കുന്നു. പല്ലവി, അനുപല്ലവി, മുക്തായിസ്വരം, ചരണം, ചരണസ്വരങ്ങൾ തുടങ്ങിയ വിഭാഗങ്ങളുണ്ട്.

**കീർത്തനങ്ങൾ**

ഭക്തിരസ പ്രധാനങ്ങളായ എല്ലാ സംഗീത സൃഷ്ടികളും കീർത്തനങ്ങൾ ആണ്. ഇവയ്ക്ക് സംഗീതപരമായ രൂപത്തേക്കാൾ സാഹിത്യപരമായ ഉള്ളടക്കത്തിനാണ് പ്രാധാന്യം. കീർത്തനങ്ങൾക്ക് പല്ലവി അനുപല്ലവി ചരണം എന്നീ അംഗങ്ങളുണ്ട്. ചിലതിന് അനുപല്ലവി ഉണ്ടാകില്ല. ചിലതിന് ചരണങ്ങൾ ഒന്നിലധികം ഉണ്ടാകും. കീർത്തനങ്ങളുടെ താളവും സംഗീതവും ലളിതമായിരിക്കും. സാഹിത്യത്തിനാണ് ഇതിൽ ഏറ്റവും അധികം പ്രാധാന്യം.

ശ്രീ. പുരന്ദരദാസർ, സംഗീത ത്രിമൂർത്തികൾ (ശ്യാമശാസ്ത്രികൾ, ത്യാഗരാജ സ്വാമികൾ, മുത്തുസ്വാമി ദീക്ഷിതർ) ഉൾപ്പെടെ നിരവധി വാഗേയകാരന്മാർ കർണാടക സംഗീതത്തിന് അനേകം സംഭാവനകൾ നൽകിയിട്ടുണ്ട്.

**കൃതികൾ:**

കീർത്തനങ്ങളിൽ നിന്നും വ്യത്യസ്തമായി സാഹിത്യപരമായ ഉള്ളടക്കത്തേക്കാൾ സംഗീതത്തിന് കൂടുതൽ പ്രാധാന്യമുള്ള സംഗീത രൂപമാണ് ആണ് കൃതികൾ. കുറച്ചു പദങ്ങളിൽ രാഗഭാവത്തെ പൂർണ്ണ ഭംഗിയോടെ അവതരിപ്പിക്കുന്ന സംഗീത സൃഷ്ടികളാണിവ. രാഗഭാവമാണ് കൃതിയുടെ ജീവൻ.

**പദങ്ങൾ**

ശൃംഗാരരസ പ്രാധാന്യമുള്ളവയാണ് പദങ്ങൾ. ലളിതമായ സാഹിത്യത്തിൽ ഒഴുകുന്ന ഉൽകൃഷ്ടമായ സംഗീതമാണ് പദങ്ങളിൽ കാണുന്നത്. അവ നൃത്തത്തിലാണ് കൂടുതൽ കാണപ്പെടുന്നത്. രാഗഭാവം തുളുമ്പി നിൽക്കുന്നവയാണ് പദങ്ങൾ.

### ജാവളി

ജാവളികൾ പദങ്ങളെ പോലെ തന്നെ ശൃംഗാരരസ പ്രാധാന്യമുള്ളവയും നൃത്തത്തിൽ ഉപയോഗിക്കുന്ന വയുമാണ്. അവ പദങ്ങളെക്കാൾ ലഘുവും ലളിതവും ആയിരിക്കും. ജാവളികൾ പ്രേമഗാനങ്ങൾ ആണ്.

### തില്ലാന

സഭാഗാനത്തിൽ ഉൾപ്പെടുന്ന സംഗീതരൂപമാണ് തില്ലാന. ജതികളും ,സ്വരങ്ങളും സാഹിത്യപദങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള ഒരു സംഗീതരൂപമാണിത്. നൃത്തത്തിനു പശ്ചാത്തലമായി ഉപയോഗിക്കുന്ന സംഗീതസൃഷ്ടികളിലൊന്നാണ് തില്ലാന സ്വാതിതിരുനാളിന്റെ ചില തില്ലാനകളിൽ ജതികൾ മാത്രമേ കാണപ്പെടാറുള്ളൂ. സംഗീത കച്ചേരിയുടെ അവസാന ഭാഗത്താണ് സാധാരണയായി തില്ലാന പാടി വരാറുള്ളത്.

### വിലയിരുത്തൽ ചോദ്യങ്ങൾ

- താഴെകൊടുത്തിരിക്കുന്നതിൽ ഏതാണ് ശാസ്ത്രീയഗാനശാഖയിൽ പെടാത്തത്?
  A. ദേവ ദേവ കലയാമി
  B. ഗോപാലക പാഹിമാം
  C. സ്വാമിനാഥ പരിപാലയ
  D. തുഞ്ചൻ പറമ്പിൽ നിന്നും
  ഉത്തരം - തുഞ്ചൻ പറമ്പിൽ നിന്നും

- ചേരുംപടി ചേർക്കാം

| | | | |
|---|---|---|---|
| a) | പ്രാഥമിക പാഠങ്ങൾ | - a) | അവരോഹണം |
| b) | കീർത്തനം, തില്ലാന | - b) | ആരോഹണം |
| c) | സരിഗമപധനി | - c) | അഭ്യാസഗാനങ്ങൾ |
| d) | സനിധപമഗരി | - d) | സഭാഗാനങ്ങൾ |

ഉത്തരം - a - c
b - d
c - b
d - a

തുടർവായനയ്ക്ക്

ദക്ഷിണേന്ത്യൻ സംഗീതം - എ.കെ. രവീന്ദ്രനാഥ്

സൗത്ത് ഇന്ത്യൻ മ്യൂസിക് - ഡോ. പി. സാംബമൂർത്തി.

## 1.3 വേരുകൾ കൊണ്ടുതൊടാം.

### ആമുഖം

പാരിസ്ഥിതിക നാടകങ്ങളെ (Environmental Theatre) ക്കുറിച്ചാണ് ഈ യൂണിറ്റിൽ പരാമർശിച്ചി രിക്കുന്നത്,

സാധാരണ നാടകങ്ങളിൽ നിന്നും വ്യത്യസ്തമായി അഭിനേതാക്കളും കാഴ്ചക്കാരും തമ്മിലുള്ള ആശയ വിനിമയം വേറിട്ടൊരു സമീപനത്തിലൂടെ സാധ്യമാവുന്നു. എന്നതാണ് പാരിസ്ഥിതിക നാടകങ്ങളുടെ പ്രത്യേകത.

റിച്ചാർഡ് ഷഹനറാന്ന് അഭിനേതാവും കാണിയും തമ്മിലുള്ള അകലം കുറഞ്ഞ അവതരണ ഇടത്തിന് പാരിസ്ഥിതിക നാടകവേദി എന്ന് പേര് വിളിച്ചത്. നാടകം നടക്കുന്ന ഇടവും കാണികളും അഭിനേതാക്കളും മറ്റു വസ്തുക്കളും ചേർന്നതിനെയാണ് ഇവിടെ പരിസ്ഥിതി എന്ന് ഉദ്ദേശിക്കുന്നത്. ആശയങ്ങൾ പ്രേക്ഷകന് എളുപ്പത്തിൽ ഉൾക്കൊള്ളാ നാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

അഭിനേതാക്കൾ കഥാപാത്രങ്ങളായും അല്ലാതെയും കാണികളുമായി ഇടപഴകുന്ന രീതിയിലാണ് നാടകം അരങ്ങേറുന്നത്. പ്രേക്ഷകർകൂടി ഉൾച്ചേർന്ന രംഗ ശിൽപമാണ് പാരിസ്ഥിതിക നാടകത്തിന്റേത്. ഇത്തരം അവതരണങ്ങളുടെ ഉദാഹരണങ്ങൾ ഗ്രീക്ക് ആംഫി തീയേറ്ററിലും മറ്റു നാടോടി കലാരൂപങ്ങളിലും കണ്ടുവരുന്നുണ്ട്. പാരിസ്ഥിതിയുമായി ബന്ധപ്പെട്ടത് എന്നല്ല പാരിസ്ഥിതിക നാടകവേദി എന്നതുകൊണ്ട് ഉദ്ദ്യേശിക്കുന്നത്. എന്നാൽ മറ്റു സാമൂഹിക വിഷയങ്ങളെപ്പോലെ തന്നെ പരിസ്ഥിതിയും ഇതിന്റെ വിഷയമായി പരിഗണിക്കാറുണ്ട്.

### <u>യൂണിറ്റ് ഫ്രെയിം</u>

**പഠന ലക്ഷ്യങ്ങൾ**

1. പാരിസ്ഥിതിക നാടകങ്ങളുടെ പ്രത്യേകതകൾ മനസ്സിലാക്കുകയും അവ പരിചയപ്പെടാനും സാധിക്കുന്നു.

| ആശയങ്ങൾ/ധാരണകൾ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • പാരിസ്ഥിതിക നാടക വേദിയെ പരിചയ പ്പെടുന്നു.<br>• വരികൾക്ക് ഈണം കണ്ടെത്താനും താളം പിടിക്കുവാനും സാധിക്കും.<br>• പാരിസ്ഥിതിക നാടകത്തിൽ രംഗാവത രണസ്ഥലത്തിന്റെ പ്രത്യേകത മനസിലാക്കുക<br>• പാരിസ്ഥിതിക | • പലതരം വസ്തുക്കൾ താളമിടാൻ ഉപയോഗി ച്ചുകൊണ്ട് പരിസ്ഥിതിയെ വർണിച്ചു കൊണ്ടുള്ള പാട്ടുപാടുന്നു.<br>• നാടകം അഭിനയിക്കുന്നു.<br>• നാടകത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.<br>• പ്രഗൽഭരായ നാടക കലാകാരന്മാരെ പരിചയ പ്പെടുന്നു.<br>• പ്രധാന നാടകോത്സവങ്ങൾ പരിചയപ്പെടുന്നു. | • പ്ലാസ്റ്റിക്, കുപ്പി, സ്റ്റിക്കർ, ഇൻസ്ട്രുമെന്റ് ബോക്സ്, ടിഫിൻ ബോക്സ്, വാട്ടർ ബോട്ടിൽ, ഡെസ്ക്, ബെഞ്ച്,കൈക്കോട്ട്, ചെടികൾ, കുട്ട, പിക്കാസ്, കുടങ്ങൾ, ചിരട്ട, ഐസിടി, വിവിധതരം ശബ്ദങ്ങൾ കിട്ടുന്ന | • പാരിസ്ഥിതിക നാടകം<br>• നാടകസ്ക്രിപ്റ്റ് |

| | | | |
|---|---|---|---|
| നാടകവേദിയിൽ രംഗ ശിൽപ്പത്തിന്റെ പ്രാധാന്യം മനസി ലാക്കുക.<br>• പാരിസ്ഥിതിക നാടക വേദിയിൽ രംഗവസ്തുക്കൾ, സംഗീതം, ചമയം എന്നിവ പ്രധാനപ്പെട്ട ഘടകങ്ങളാണ്. | • പാരിസ്ഥിതിക പ്രക്ഷോഭങ്ങൾ ഐസിറ്റിയുടെ സഹായ ത്തോടെ കാണുന്നു.<br>• കേരളത്തിലെയും മറ്റു സ്ഥലങ്ങളിലെയും പരിസ്ഥിതി പ്രവർത്ത കരെയും പ്രവർത്തനങ്ങളും ഐസിറ്റി ഉപയോഗിച്ച് കാണുന്നു | വസ്തുക്കൾ | |

**പാഠഭാഗത്തിലൂടെ...**

**പീരിഡ് – 1**

**പ്രവർത്തനം - 1**

എല്ലാ കുട്ടികളോടും ഒരുമിച്ച് കൈകൊട്ടുവാൻ ആവശ്യപ്പെടുന്നു. കൈകൊട്ടൽ ഒരു താളത്തിലെത്തുന്നു. തുടർന്ന് ഇനി ടീച്ചർ പറയുന്ന താളത്തിൽ കൈകൊട്ടുക.

ഉദാ: - തക്കിട്ട, തകധിമി, തക്കതക്കിട ഇങ്ങനെയുള്ള താളങ്ങൾ യുക്തിക്കനുസരിച്ച് ആവർത്തിച്ചു പറയുന്നു. ഇനി ഈ താളം ക്ലാസ്സിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കൊട്ടാം. വ്യത്യസ്ത ശബ്ദങ്ങളിലുള്ള താളം സൃഷ്ടിക്കാനായി വ്യത്യസ്ത വസ്തുക്കൾ ഉപയോഗിക്കാം.

പാഠപുസ്തകത്തിലെ വരികൾ കുട്ടികളോട് സ്വയം വായിക്കാൻ ആവശ്യപ്പെടുക.

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് താളത്തിൽ വരികൾ പാടി നോക്കട്ടെ.

ക്ലാസ് റൂമിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രൂപ്പുകളായി താളമിട്ട് പാടി അവതരിപ്പിക്കാൻ ആവശ്യപ്പെടുക.

ഓരോ ഗ്രൂപ്പും മറ്റു ഗ്രൂപ്പിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- കണ്ടെത്തിയ ഈണത്തിൽ എല്ലാവർക്കും പാടാൻ പറ്റിയവ ഏത്?
- കൂടുതൽ പേർക്ക് ഇഷ്ടപ്പെട്ട ഈണം ഏത്?
- കൃത്യം താളത്തിൽ കൊട്ടിയവർ ആരൊക്കെ?
- മെച്ചപ്പെടുത്തേണ്ട കാര്യങ്ങൾ എന്തൊക്കെ?
- പരിസ്ഥിതി സംരക്ഷണവും പ്രകൃതിസ്നേഹവും നിലനിൽക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തണം. ഇതിനായി ആവശ്യമെങ്കിൽ അധിക പ്രവർത്തനങ്ങൾ നൽകണം.

പാഠഭാഗത്തിലെ വരികളിൽ നിന്ന് പ്രകൃതിയിലെ കാഴ്ചകൾ കണ്ടെത്തുക.

- ➢ മല
- ➢ കുന്ന്

- ➢ പാറ
- ➢ തച്ചാങ്കൊളം
- ➢ കണ്ണാട്യെള്ളം

- നിങ്ങൾ പാടിയ വരികളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

കുട്ടികൾക്ക് അഭിപ്രായം പറയാനുള്ള അവസരമുണ്ടാക്കുക.

പാഠഭാഗത്ത് നൽകിയിട്ടുള്ള വരികളുടെ ഭാഷാപരമായ സവിശേഷതകൾ ചർച്ച ചെയ്യുക.

വടക്ക്വോറം - വടക്കുഭാഗം

ചെക്കുന്നുമല - ഒരു മലയുടെ പേര്

കല്ലോളം - കല്ലുകുളം

കുന്നിന്റെ തടം - കുന്നിൻ ചെരിവ്

കണ്ണാട്യെയോളം - കണ്ണാടി പോലത്തെ വെള്ളം

തച്ചാങ്കൊളം - കുളത്തിന്റെ പേര്

തൈതാരം പാറ - ഒരു പാറയുടെ പേര് (സ്ഥലം)

മണ്ണുരുവം - മൺരൂപം

കാർണോമ്മാര് - കാരണവന്മാർ

നെരന്ന - നിരപ്പായ

**പീരിഡ് - 2**

**<u>പ്രവർത്തനം - അഭിനയിക്കാം</u>**

പാഠഭാഗത്തെ നാടകം വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടുക.

- ഈ നാടകത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം?
  ഗ്രാമത്തലവൻ
  ഗ്രാമീണർക്കിടയിലേക്ക് ഓടിവരുന്ന ആൾ
  ചമ്പ
  കുട്ടി
  ഘോഷയാത്രയിൽ ഉൾപ്പെട്ട ഗ്രാമീണർ
- ഇനിയും ഏതൊക്കെ കഥാപാത്രങ്ങളെ കൂട്ടിച്ചേർക്കാം?
  ഉദാ: കോഴി
  ആട്
  പട്ടി
  പശു... etc.

ഇതഭിനയിച്ചു കാണിക്കാൻ പറ്റിയ സ്ഥലങ്ങൾ സ്കൂൾ പരിസരത്തു നിന്നും കണ്ടെത്താൻ ആവശ്യപ്പെടുക.

- എന്തൊക്കെ വസ്തുക്കളാണ് നമുക്ക് അഭിനയത്തിൽ ഉപയോഗിക്കേണ്ടി വരിക

  ഉദാ: കൈക്കോട്ട്/തൂമ്പ

  പിക്കാസ്

  ചെടികൾ

  കുടങ്ങൾ

  (കൃഷിക്കും ചെടി നടാനുമായി ആവശ്യമായ ഉപകരണങ്ങളും തൈകളും വിത്തുകളും)

പാരിസ്ഥിതിക നാടകത്തിൽ കാണികൾ കൂടി നാടകത്തിന്റെ ഭാഗമായതിനാൽ അഭിനേതാക്കൾ എവിടെ നിൽക്കണം കാണികൾ എവിടെയായിരിക്കണം തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കാൻ കുട്ടികളോട് ആവശ്യപ്പെടണം.

ഗ്രൂപ്പായി തിരിഞ്ഞ് ചർച്ചചെയ്യട്ടെ.

ആരാണ് കാണികൾ? അവരുടെ ഭാഗം ഏതാണ്?

ആരൊക്കെയാണ് അഭിനേതാക്കൾ?

രംഗവേദി ഒരുക്കേണ്ടതെങ്ങനെ?

ഘോഷയാത്രയിലും, ചെടി നടുമ്പോഴും, പാട്ടിന്റെയും നൃത്തത്തിന്റെയും സാധ്യതകൾ ചർച്ചയിൽ ഉൾപ്പെടുത്താം.

പാഠഭാഗത്തിൽ പറഞ്ഞതുപോലെ നാടകം അവതരിപ്പിക്കുന്നു.

അവതരണത്തെ പരസ്പരം വിലയിരുത്തുന്നു.

- പാരിസ്ഥിതിക നാടകവേദിയുടെ പ്രത്യേകതകൾ അവതരണവുമായി ബന്ധപ്പെടുത്തി കുട്ടികളോട് സംസാരിക്കുക.
  ഉദാ: പരിസ്ഥിതിയുമായി ഇണങ്ങിയ സ്ഥലമാണ് അവതരണത്തിന് തെരഞ്ഞെടുത്തത്.
- ഘോഷയാത്രയിൽ അഭിനേതാക്കളായവർ തന്നെ ഗായകസംഘവും നൃത്തസംഘവുമായും ഇടയ്ക്ക് കാണികളായും മാറുന്നു.
- ഉപയോഗിച്ച വസ്തുക്കൾ അവയുടെ പ്രത്യേകതകൾ എന്നീ കാര്യങ്ങൾ സംസാരിച്ചുകൊണ്ട് പാരിസ്ഥിതിക നാടകവേദി പരിചയപ്പെടുത്തുന്നു.

പരിസ്ഥിതി സംരക്ഷണം ഏറ്റെടുത്ത് നടത്തുന്ന പിപ്പലാന്തി ഗ്രാമത്തിലെ ഒരു സംഭവമാണ് നമ്മൾ നാടകമായി അവതരിപ്പിച്ചത്. ഇതുപോലെ പലരും പരിസ്ഥിതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താറുണ്ട്.

ഐസിടി ഉപയോഗിച്ച് പരിസ്ഥിതി പ്രവർത്തകർ, പ്രസ്ഥാനങ്ങൾ എന്നിവ കുട്ടികളെ പരിചയപ്പെടുത്തുക.

**തുടർ പ്രവർത്തനം**

**സ്ക്രിപ്റ്റ് തയ്യാറാക്കൽ**

ടീച്ചറിന്റെ സഹായത്തോടെ കുട്ടികൾ സ്ക്രിപ്റ്റ് തയ്യാറാക്കുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

1. പാരിസ്ഥിതിക നാടകവേദി ആരുടെ ആശയമാണ്?

(കല്ലേൻ പൊക്കുടൻ, വാൻഗാരി മാതായി, മയിലമ്മ, സെറീന വില്യംസ്)

2. **ചേരുംപടി ചേർക്കുക**

തുപ്പേട്ടൻ - ഇടനിലങ്ങൾ

കെ വി ശ്രീജ - കൂട്ടുകൃഷി

ഇടശ്ശേരി - ചക്ക

3. പാരിസ്ഥിതിക പ്രക്ഷോഭങ്ങളിൽ പെടുന്നത്?

(ശിപായി ലഹള, ഉപ്പുസത്യാഗ്രഹം, ഫ്രഞ്ച് വിപ്ലവം, നർമ്മദാ ബചാവോ ആന്തോളൻ)

4. പാരിസ്ഥിതിക നാടകത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
5. ഒരു പാരിസ്ഥിതിക നാടകം ക്ലാസിൽ അവതരിപ്പിക്കുക.

**വിലയിരുത്തൽ സൂചകങ്ങൾ**

- വിഷയം
- അവതരണ സ്ഥലം
- അഭിനയം - കാണികളുമായുള്ള ഇടപഴകൽ
- രംഗസാമഗ്രികളുടെ തിരഞ്ഞെടുപ്പ്
- സംഗീതം, സമയം തുടങ്ങിയവയുടെ സാധ്യതകൾ എങ്ങനെ പ്രയോജനപ്പെടുത്തിയിരിക്കുന്നു.

## 1.4 കഥ, തിരക്കഥ, സംഭാഷണം

**ആമുഖം**

മനുഷ്യചരിത്രത്തിലെ ഏറ്റവും വിസ്മയകരമായ കലകളിൽ ഒന്നാണ് സിനിമ. സാങ്കേതികമായി സിനിമ ഒരുപാട് വളർന്നിരിക്കുന്നു. എല്ലാകലകളുടെയും സമന്വയമായ സിനിമ കുട്ടികളിൽ വളരെയധികം സ്വാധീനം ചെലുത്തുന്നു. സിനിമ ദൃശ്യവൽക്കരിക്കുന്നതിനായി എഴുതപ്പെടുന്ന രേഖകളെ പൊതുവായി തിരക്കഥകൾ എന്നു വിളിക്കാം. ഈ എഴുത്തിൽ ദൃശ്യവൽക്കരിക്കാനാവശ്യമായ വിശദാംശങ്ങൾ അടങ്ങിയിരിക്കണം.

ഉദാ:- കാലഘട്ടം, സമയം, സ്ഥലം, കഥാപാത്രങ്ങളുടെ പേരും സവിശേഷതകളും, സംഭാഷണങ്ങൾ, ഷോട്ടുകളുടെ ക്രമീകരണം etc..

ഈ പാഠഭാഗത്ത് ഒരു ആശയത്തെ തിരക്കഥയിലേക്ക് മാറ്റുമ്പോഴുള്ള വിവിധ ഘട്ടങ്ങളെയാണ് പ്രതിപാദിക്കുന്നത്.

<u>**യൂണിറ്റ് ഫ്രെയിം**</u>

**പഠനലക്ഷ്യങ്ങൾ**

- ഒരു ആശയത്തെ കഥയായും കഥയിൽ നിന്നും തിരക്കഥയായും രൂപപ്പെടുത്തുന്നു.

| ആശയങ്ങൾ/ ധാരണകൾ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • ആശയത്തിൽ നിന്നും കഥ തയ്യാറാക്കാം.<br>• കഥയ്ക്കനുസൃതമായി സിനിമ ചിത്രീകരണത്തിനാവശ്യമായ തിരക്കഥ തയ്യാറാക്കാം.<br>• കഥയുടെ ഘടനയും തിരക്ക ഥയുടെ ഘടനയും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>• തിരക്കഥാകൃത്തുക്കളെക്കുറിച്ചുള്ള ധാരണ | • ഒരു വിഷയത്തിന്റെ സത്ത ഉൾക്കൊണ്ട് ആശയം രൂപീകരിക്കുന്നു.<br>• ആശയങ്ങളെ ചർച്ചചെയ്ത് കഥകളാക്കി മാറ്റുന്നു.<br>• പാഠഭാഗത്തെ തിരക്കഥയും മറ്റ് തിരക്കഥകളെയും കുറിച്ചുള്ള ചർച്ച.<br>• കുട്ടികൾ എഴുതിയ കഥകളെ തിരക്കഥാ രൂപത്തിലേക്ക് മാറ്റുന്നു.<br>• കുട്ടികൾ എഴുതിയ തിരക്കഥയിൽ നിന്നും കഥയ്ക്കും ആശയത്തിനും അനുസരിച്ച് സന്ദർഭങ്ങൾ, കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, സമയം, സ്ഥലം തുടങ്ങിയവ എഴുതി ചേർക്കുന്നു.<br>• തിരക്കഥാകൃത്തുക്കളെയും അവരുടെ ചലച്ചിത്രങ്ങളേയും പരിചയപ്പെടുത്തുന്നു. | • പാഠഭാഗത്തെ നോട്ടീസ്, തിരക്കഥാ മാതൃകകൾ ഐസിടി സാധ്യത ഉപയോഗിച്ച് പ്രദർശിപ്പിക്കാം<br>• തിരക്കഥാ മാതൃകകൾ | • തിരക്കഥ |

**പാഠഭാഗത്തിലേക്ക്**

**പീരിഡ് - 1**

കഥ, തിരക്കഥ, സംഭാഷണം എന്ന പാഠഭാഗത്തെ ആശയങ്ങളെ മുൻനിർത്തി ഒരു വിഷയത്തെ എങ്ങനെ തിരക്കഥയാക്കാം എന്നതിനെ ചർച്ച ചെയ്യാൻ നൽകിയിട്ടുള്ള ചില സൂചകങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. വിഷയത്തെ ആശയങ്ങളാക്കി മാറ്റുന്നു.
2. ആശയങ്ങളെ കഥകളാക്കി മാറ്റുന്നു.
3. തിരക്കഥകളുടെ മാതൃകകൾ മനസ്സിലാക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു.
4. കഥകളിൽ നിന്ന് തിരക്കഥകൾ രചിക്കുന്നു.
5. തിരക്കഥകളിൽ ആവശ്യമായ മാറ്റങ്ങൾ, സംഭാഷണം, ദൃശ്യവിവരണങ്ങൾ എന്നിവ വരുത്തുന്നു.

ഒരു തിരക്കഥ സിനിമാ നിർമ്മാണത്തിൽ എത്രത്തോളം പ്രാധാന്യം അർഹിക്കുന്നതാണെന്ന ബോധ്യം കുട്ടികളിൽ രൂപപ്പെടുത്തുന്നതിനും തിരക്കഥാ രചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നുമാണ് ഈ പാഠഭാഗത്തിലൂടെ വിശദമാക്കേണ്ടത്.

**പ്രവർത്തനം 1**

**വിഷയത്തിൽ നിന്നും ആശയം**

പാഠഭാഗത്തിൽ 'മരങ്ങൾ' എന്ന വിഷയം നൽകിയിരിക്കുന്നു. അതിനെ ആശയം/വൺലൈൻ ആക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനായി കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കേണ്ടതാണ്.

**ആശയത്തിൽ നിന്ന് കഥയിലേക്ക്**

കുട്ടികൾ കണ്ടെത്തിയ ആശയത്തിന്റെ സത്ത ചോർന്നുപോകാതെ കഥകളാക്കി അവതരിപ്പിക്കുന്നു.

**ആശയം – കഥ - തിരക്കഥ**

**ആശയം**
ഒരു വിഷയത്തെ വിപുലീകരിച്ച് രണ്ടോ മൂന്നോ വാക്യങ്ങളായി എഴുതി തയ്യാറാക്കുന്നതാണ് ആശയം.
**കഥ**
ആശയത്തെ വികസിപ്പിച്ച് തുടക്കം, മധ്യം, അവസാനം എന്ന ക്രമത്തിൽ അവതരിപ്പിക്കുന്നതാണ് കഥ.
**തിരക്കഥ**
സിനിമയുടെ ചിത്രീകരണത്തിനായി തയ്യാറാക്കുന്ന കഥാവിവരണമാണ് തിരക്കഥ. ദൃശ്യം, സമയം, കഥാപാത്രങ്ങൾ, അവരുടെ വേഷങ്ങൾ, സംഭാഷണങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് തിരക്കഥ നിർമ്മിക്കുന്നത്.
**സംഭാഷണം**
കഥയ്ക്കനുസൃതമായി രണ്ടോ അതിലധികമോ കഥാപാത്രങ്ങൾ തമ്മിൽ സംവദിക്കുന്നതാണ് സംഭാഷണം.

**പ്രവർത്തനം - 2**

**കഥയിൽ നിന്ന് തിരക്കഥയിലേക്ക്**

കുട്ടികൾ എഴുതി തയ്യാറാക്കിയ കഥയിൽ നിന്ന് തിരക്കഥാരചന നടത്തണം. (ഗ്രൂപ്പ് വർക്ക്)

പാഠഭാഗത്ത് ഒരു തിരക്കഥയുടെ മാതൃക നൽകിയിട്ടുണ്ട്. തിരക്കഥയുടെ വിവിധ ഭാഗങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

## (മാതൃക)

സ്ഥലമോ സമയമോ മാറുമ്പോൾ പുതിയ സീൻ ആകുന്നു.

സീൻ നടക്കുന്നത് അകത്തോ പുറത്തോ എന്ന് സൂചിപ്പിക്കുന്നു.

സീൻ നടക്കുന്ന സ്ഥലം

സീൻ നടക്കുന്ന സമയം

**സീൻ 7 : എക്സ്റ്റീരിയർ. സ്കൂൾ ഗ്രൗണ്ട് വൈകുന്നേരം**

സ്കൂൾ ഗ്രൗണ്ടിൽ പലതരം കളികളിലേർപ്പെടുന്ന കുട്ടികൾ. യൂണിഫോം ആണ് വേഷം. ഒരിടത്ത് ആവേശകരമായ ഫുട്ബോൾ മത്സരം നടക്കുന്നു. പെട്ടെന്ന് സ്കൂൾ വിടാനുള്ള ബെൽ മുഴങ്ങുന്നു. ഫുട്ബോൾ കളിയിൽ ജയിച്ചവർ ആഘോഷിച്ച് ഗ്രൗണ്ടിന്റെ സമീപത്ത് വച്ചിരിക്കുന്ന ബാഗുകൾ എടുക്കാൻ പോകുന്നു. ജയിച്ച സന്തോഷത്തിൽ ബാഗുകൾ എടുക്കുന്ന രണ്ട് കുട്ടികൾ. മിലൻ, 11 വയസ്സ്. ആമി, 11 വയസ്സ്.

ആമി : → കഥാപാത്രത്തിന്റെ പേര്

*നിന്റെ ഗോള് അടിപൊളിയായിരുന്നു,*

*അവരെല്ലാം ഞെട്ടിപ്പോയി.* → സംഭാഷണം

മിലൻ :

*നാളേം ഈ ടീം മതി, നമുക്ക് നോക്കാം.*

പെട്ടെന്ന് ആമിയുടെ മുഖത്തെ ചിരിമായുന്നു. മിലന്റെ ഷർട്ടിനുനേരെ വിരൽ ചൂണ്ടുന്നു. കളിച്ച് അഴുക്ക് പറ്റിയ മിലന്റെ ഷർട്ടിന്റെ തുന്നൽ വിട്ടിരിക്കുന്നു. അതുകണ്ട് മിലന്റെ മുഖത്തേയും ചിരിമായുന്നു.

മിലൻ :

*അയ്യോ, അമ്മ അച്ഛനോട്*

*പറഞ്ഞ് എന്നെ ശരിപ്പെടുത്തും.*

ഒരു സീനിൽ നിന്നും അടുത്ത സീനിലേക്ക് ദൃശ്യം മാറുന്ന രീതി.

[ഡിസോൾവ് ടു:]

**സീൻ 8 : ഇന്റീരിയർ. മിലന്റെ വീട് - രാത്രി**

കുളിച്ച് റെഡിയായി പഠിക്കാനായി പുസ്തകവുമായി ടേബിളിന് മുന്നിൽ ഇരിക്കുന്ന മിലൻ. പുറത്ത് ഒരു സ്കൂട്ടർ വന്നുനിൽക്കുന്ന ശബ്ദം. പുറത്ത് അമ്മയുടെയും അച്ഛന്റെയും അവ്യക്തമായ സംഭാഷണങ്ങൾ. മുറിക്കകത്തേക്കു വരുന്ന അച്ഛൻ, പുറകേ കീറിയ ഷർട്ടുമായി അമ്മയുമുണ്ട്. ഭയത്തോടെ അച്ഛനെ നോക്കുന്ന മിലൻ.

അച്ഛൻ :

(മിലനോട്)

*എന്തായിത്.*

മിലൻ :

*ഫുട്ബോൾ.. കളിക്കുമ്പോൾ..*

അച്ഛൻ :

*ഓ..പഠിക്ക്.*

(അമ്മയോടായി ചിരിയോടെ)

*സാരമില്ല, തയ്ച്ചാൽ മതിയല്ലോ.*

അച്ഛൻ അകത്തേക്ക് പോകുന്നു. ഷർട്ടും പിടിച്ച് നോക്കി നിൽക്കുന്ന അമ്മയെ ചെറുചിരിയോടെ നോക്കുന്ന മിലൻ.

[ഫേഡ് ടു ബ്ലാക്ക്:]

**തിരക്കഥാ രചന**

കഥയിൽ ഉൾപ്പെടുത്തിയ കാലം, സമയം, സ്ഥലം, കഥാപാത്രങ്ങൾ, വയസ്സ്, വസ്ത്രധാരണം, സംഭാഷണങ്ങൾ എന്നിവയെക്കുറിച്ച് കൃത്യമായ ധാരണ ഉണ്ടായിരിക്കണം.

കഥയെ സ്ഥലത്തിനും സമയത്തിനും അനുസരിച്ച് വിവിധ സീനുകളായി വിഭജിക്കണം.

പാഠപുസ്തകത്തിലെ മാതൃക വായിക്കാൻ പറയുക. ആ മാതൃക അനുസരിച്ച് അവർ എഴുതിയ കഥയെ തിരക്കഥയാക്കുക.

**പീരീഡ് 2**

**പ്രവർത്തനം 1**

**തിരക്കഥ ചർച്ച**

കുട്ടികൾ എഴുതിയ തിരക്കഥകൾ ചർച്ച ചെയ്യുക.

**ചർച്ചാ സൂചകങ്ങൾ**

- മരങ്ങൾ എന്ന വിഷയം
- കഥാപാത്രങ്ങളുടെ സവിശേഷതകൾ, വേഷവിധാനം
- കഥയുടെ പുരോഗതി
- കഥ അവതരിപ്പിച്ച രീതി

**തിരക്കഥയുടെ മാറ്റങ്ങൾ**

തിരക്കഥ അനേകം തവണ വായിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താം.

സ്കൂൾ റിസോഴ്സ് ഫോൾഡറിലെ 1.4 ലെ ഫയൽ കുട്ടികൾക്ക് കാണിച്ചുകൊടുക്കാം.

**തിരക്കഥാകൃത്തുക്കൾ**

**എം.ടി.വാസുദേവൻ നായർ**

മലയാളത്തിലെ പ്രശസ്ത തിരക്കഥാകൃത്ത്.

“വേദനയുടെ പൂക്കൾ” എന്ന കഥാസമാഹാരത്തിലെ ‘പള്ളിവാളും കാൽച്ചിലമ്പും’ എന്ന കഥയാണ് അദ്ദേഹം ‘നിർമാല്യം’ എന്ന സിനിമയാക്കിയത്. ‘മഞ്ഞ്’ എന്ന നോവൽ ആ പേരിൽ തന്നെ സിനിമയാക്കി. എസ് കെ പൊറ്റക്കാടിന്റെ ‘കടത്തുതോണി’ എന്ന കഥയെ ആസ്പദമാക്കി എം.ടി. തിരക്കഥ എഴുതിയ സിനിമയാണ് ‘കടവ്.’

ശ്രീരമണ എന്ന തെലുങ്ക് എഴുത്തുകാരന്റെ ‘മിഥുനം’ എന്ന കഥയെ അടിസ്ഥാനപ്പെടുത്തി എം.ടി. തിരക്കഥ എഴുതിയ ചിത്രമാണ് ‘ഒരു ചെറു പുഞ്ചിരി’. ഇങ്ങനെ മലയാള സിനിമാ ലോകത്തിന് അമൂല്യ സംഭാവനകൾ നൽകിയ തിരക്കഥാകൃത്താണ് അദ്ദേഹം. പഞ്ചാഗ്നി, നഖക്ഷതങ്ങൾ, അമൃതംഗമയ, സദയം, ഉത്തരം, സുകൃതം, ഒരു വടക്കൻ വീരഗാഥ, പഴശ്ശിരാജ തുടങ്ങിയവ അദ്ദേഹത്തിന്റെ തിരക്കഥയിൽ പിറന്ന ചിത്രങ്ങളാണ്. മികച്ച തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാരങ്ങളും സംസ്ഥാന പുരസ്കാരങ്ങളും നേടിയിട്ടുണ്ട്.

**ലോഹിതദാസ്**

തനിയാവർത്തനം, ഭൂതക്കണ്ണാടി, അരയന്നങ്ങളുടെ വീട്, ജോക്കർ, സാഗരം സാക്ഷി, അമരം തുടങ്ങിയവ ലോഹിതദാസ് തിരക്കഥയിൽ പിറന്ന ചിത്രങ്ങളിൽ ചിലതാണ്. തനിയാവർത്തനം എന്ന സിനിമയ്ക്ക് ഏറ്റവും നല്ല കഥയ്ക്കുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു.

**പി. പത്മരാജൻ**

'പ്രയാണം' എന്ന സിനിമയ്ക്ക് തിരക്കഥ എഴുതി സിനിമയിൽ എത്തി. പെരുവഴിയമ്പലം, ഒരിടത്ത് ഒരു ഫയൽമാൻ, അരപ്പട്ടകെട്ടിയ ഗ്രാമത്തിൽ, തൂവാനത്തുമ്പികൾ, അപരൻ, ഇന്നലെ, കാണാമറയത്ത്, മൂന്നാംപക്കം, ഞാൻ ഗന്ധർവ്വൻ തുടങ്ങിയവ പ്രധാന ചിത്രങ്ങളാണ്.

ഇന്നലെ, കാണാമറയത്ത്, മൂന്നാംപക്കം തുടങ്ങിയ ചിത്രങ്ങൾക്ക് സംസ്ഥാന പുരസ്കാരം ലഭിച്ചു.

**അഞ്ജലി മേനോൻ**

മഞ്ചാടിക്കുരു, ഉസ്താദ് ഹോട്ടൽ, ബാംഗ്ലൂർ ഡേയ്സ്, കൂടെ തുടങ്ങിയവയാണ് പ്രധാന സിനിമകൾ. മഞ്ചാടിക്കുരു, ബാംഗ്ലൂർ ഡേയ്സ്, തുടങ്ങിയ ചിത്രങ്ങൾക്ക് സംസ്ഥാന പുരസ്കാരം ലഭിച്ചു.

**വിലയിരുത്തൽ സൂചകങ്ങൾ**

**തിരക്കഥാ രചന**

- ഘടന
- കാലഘട്ടം/സമയം/സ്ഥലം
- കഥാപാത്രങ്ങൾ, പ്രായം, വേഷം
- സംഭാഷണങ്ങൾ

**വിലയിരുത്തൽ ചോദ്യങ്ങൾ**

- തിരക്കഥ എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
- ഒരു ആശയത്തെ ചലച്ചിത്ര രൂപത്തിലേക്ക് മാറ്റുമ്പോൾ ഉള്ള ഘട്ടങ്ങൾ ഏതൊക്കെ?

**തുടർ വായനയ്ക്ക്**

- കഥയും തിരക്കഥയും (ഡോ. ആർ.വി.എം ദിവാകരൻ)
- തിരക്കഥാസാഹിത്യം സൗന്ദര്യവും പ്രസക്തിയും (ഡോ. ജോസ്.കെ.മാനുവൽ)
- എം.ടി. യുടെ മൂന്നു തിരക്കഥകൾ (എം.ടി.  വാസുദേവൻ നായർ)

## 1.5 ആട്ടക്കളരി

### ആമുഖം

ഭാരതീയ നാട്യ കലാ സവിശേഷതയുടെ ഉത്തമ ഉദാഹരണമാണ് സംസ്കൃത നാടകാവതരണമായ കൂടിയാട്ടം. 'യുനെസ്കോ' അംഗീകരിച്ച പൈതൃക നാടകാ വതരണമാണ് കൂടിയാട്ടം. കൂത്ത്, കൂടിയാട്ടം എന്നിവയെ പരിചയപ്പെടുത്തു ന്നതിനൊപ്പം ഭാരതീയ നാട്യ സങ്കേതങ്ങളെ അടയാളപ്പെടുത്തുന്ന നാട്യശാസ്ത്രത്തെയും കേരളീയ ശാസ്ത്രീയ കലകളിലെ അഭിനയ രീതിയേയും പരിചയപ്പെടുത്തുന്നു. ഇത്തരം കലകൾ കാണുന്നതിനും കൂടുതൽ അറിയുന്നതിനും വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കുവാൻ ഈ പാഠഭാഗത്തിന് സാധിക്കും. കൂടിയാട്ടത്തിലെ പ്രഗൽഭരായ ആചാര്യ ന്മാരെയും ഈ യൂണിറ്റിലൂടെ പരിചയപ്പെടുത്തുന്നുണ്ട്.

### യൂണിറ്റ് ഫ്രെയിം

#### പഠന ലക്ഷ്യങ്ങൾ

- ശൈലീകൃതമായ ഇത്തരം കലകളെ സാമാന്യേന പരിചയ പ്പെടാൻ സാധിക്കുന്നു.
- കേരളീയ സാംസ്കാരിക കലാ പൈതൃകത്തെ ബഹുമാനിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അവബോധം വിദ്യാർത്ഥികളിൽ ഉണ്ടാ കുന്നു.
- കലാരൂപത്തെ പഠിക്കാനും അവതരിപ്പിക്കാനും വിദ്യാർത്ഥികളിൽ താല്പര്യം ഉണ്ടാകുന്നു.
- കലകൾ രൂപംകൊണ്ട സാമൂഹ്യ പരിസ്ഥിതിയിൽ നിന്നും ഓരോ കാല ത്തിനും അനുസരിച്ച് സാമൂഹ്യ സാംസ്കാരിക ഇടങ്ങളിൽ എങ്ങനെ നിലനിന്നുവെന്നും അത്തരം മാറ്റങ്ങൾ കലയുടെ അവതരത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നു എന്നത് പ്രധാന ലക്ഷ്യമാണ്.

| ആശയം/ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • ലോകത്തിലെ പഴക്കം ചെന്ന നാടകാ വതരണങ്ങളിൽ ഒന്നാണ് കേരളീയ കലയായ കൂടിയാട്ടം.<br>• സാങ്കേതികവും ശൈലീകൃതവുമായ അഭിനയമാണ് കൂടിയാട്ടത്തിന്റെ സ്വഭാവം<br>• ശൈലി കൃത സങ്കേതങ്ങൾ സ്വായത്തമാക്കുന്നതി ന് ദീർഘകാല പരിശീലനം | • ഐസിടി സാധ്യതയി ലൂടെ ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത്, കൂടിയാട്ടം എന്നിവ പരിചയ പ്പെടുത്തുന്നു.<br>• ചാക്യാർകൂത്തിലുപയോഗി ക്കുന്ന ഭാഷ, ആക്ഷേപ ഹാസ്യം, സാമൂഹിക പ്രസക്തി, വാദ്യങ്ങൾ എന്നിവ ഐസിടിയിലൂടെ പരിചയപ്പെടുത്തുന്നു.<br>• നങ്ങ്യാർകൂത്തിന്റെ അഭിനയ സാധ്യത, സ്ത്രീകളുടെ അവതരണകല എന്ന നിലയിലുള്ള പ്രസക്തി, | • ഐ.സി.ടി കൂടിയാട്ടം, നങ്ങ്യാർകൂത്, ചാക്യാർകൂത്ത്, തുടങ്ങിയവയുടെ വിവിധ ചിത്രങ്ങൾ<br>• വാദ്യോപകര ണങ്ങൾ, അരങ്ങ്, കലാകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ, വീഡിയോ | • നൃത്തരൂപങ്ങളു ടെ ചാർട്ടുകൾ<br>• കുട്ടികൾ നൃത്തം ചെയ്യുന്ന വീഡിയോ ഫയൽ |

| | | | |
|---|---|---|---|
| ആവശ്യമാണ്.<br>• അനുഷ്ഠാന കലയായി ക്ഷേത്രങ്ങൾ ക്കകത്ത് അവതരിപ്പിച്ചിരുന്ന താണ് കൂടിയാട്ടം.<br>• പാരമ്പര്യ കല കൾ സംരക്ഷി ക്കപ്പെടേണ്ടത് സാംസ്കാരിക ഉത്തരവാദിത്വമാണ് | ആഹാര്യം, വാദ്യങ്ങൾ, അരങ്ങ് എന്നിവ ഐ.സി.ടി. യിലൂടെ പരിചയപ്പെടുത്തുന്നു.<br>• കൂടിയാട്ടം കൂടിയാടുന്ന അവതരണകല എന്ന നിലയിൽ വിവിധ കഥാപാത്രങ്ങളുടെ ശരീരഭാഷ, വേഷം, ചമയം, വാദ്യങ്ങൾ, അരങ്ങ് എന്നിവ ഐസിടിയിലൂടെ പരിചയ പ്പെടുത്തണം.<br>• പാഠപുസ്തകത്തിൽ പരിചയപ്പെടുത്തിയിരിക്കു ന്ന ആചാര്യന്മാരെയും അതിനുപുറമേ ഈ രംഗത്ത് സജീവമായി പ്രവർത്തി ക്കുന്ന കലാകാരന്മാരെയും പരിചയപ്പെടുത്തുക.<br>• കൂടിയാട്ടത്തിലെ മുഖാഭിനയ രീതി പരിശീലിക്കു ന്നതിനായി നൽകിയിട്ടുള്ള പ്രവർത്തനം വിദ്യാർത്ഥികൾ അവതരിപ്പിക്കുമ്പോൾ കേവലം പ്രവർത്തനാ വതരണത്തിനപ്പുറം ശൈലീകൃത അഭിനയത്തെ കൂടി പരിചയിക്കുകയാണ് എന്ന ബോധ്യത്തെകൂടി അവതരിപ്പിക്കാൻ സാധിക്കണം.<br>• കൂടിയാട്ടം, നങ്ങ്യാർ കൂത്ത്, ചാക്യാർകൂത്ത് എന്നീ കലാരൂപങ്ങൾ നേരിൽ കാണു വാനുള്ള അവസരം ഉണ്ടെ ങ്കിൽ കൂടുതൽ പ്രയോജനകരമാണ്. | | |

പാഠഭാഗത്തിലൂടെ

**പീരീഡ് 1**

**പ്രവർത്തനം - 1**

കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത് എന്നീ കലാരൂപങ്ങളുടെ ചിത്രങ്ങൾ കാണിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു (ഐസിടി സാധ്യതയിലൂടെ വീഡിയോസ് കാണിക്കാം). മൂന്നു കലാരൂപങ്ങളുടെയും പ്രത്യേകതകളെക്കുറിച്ച് ക്ലാസിൽ ചർച്ച ചെയ്യുന്നു.

- കിരീടം
- ചമയം
- വേഷം
- അരങ്ങ്
- വാദ്യങ്ങൾ

കുട്ടികൾ ചിത്രങ്ങൾ/വീഡിയോസ് കണ്ടതിനുശേഷം മൂന്നു കലാരൂപങ്ങളിലും അവർ കണ്ടെത്തിയ വ്യത്യാസങ്ങളും പ്രത്യേകതകളും മുകളിൽ പറഞ്ഞ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ നോട്ടുബുക്കിൽ കുറിക്കുന്നു.

തുടർന്ന് ധർമ്മി എന്നാൽ 'സ്വഭാവം' എന്ന് അർത്ഥമാക്കുന്നു എന്നും ലോകധർമ്മി, നാട്യധർമ്മി എന്നാൽ എന്താണെന്നും വളരെ ലളിതമായ ശൈലിയിൽ ടീച്ചർ ക്ലാസിൽ വ്യക്തമാക്കുന്നു.

(ലോകധർമ്മി - യഥാർത്ഥമായ അഭിനയരീതി

നാട്യധർമ്മി - ശാസ്ത്രീയമായ ശൈലീകൃതമായ അഭിനയരീതി)

ലോകധർമ്മി നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട സ്വഭാവമുള്ളതായതുകൊണ്ടുതന്നെ കുട്ടികൾക്ക് ക്ലാസിൽ വളരെ രസകരമായി അവതരിപ്പിക്കാൻ സാധിക്കും.

(അതിനുള്ള അവസരങ്ങൾ ക്ലാസ്മുറിയിൽ ടീച്ചർ സൃഷ്ടിക്കേണ്ടതാണ്)

കൂത്തമ്പലങ്ങളുടെ സവിശേഷതകൾ അധ്യാപകർ പാഠപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

**പീരീഡ് 2**

രണ്ടാം പീരീഡ് പ്രവർത്തനാധിഷ്ഠിതമാണ്. കേരളീയ ശാസ്ത്രീയ കലകളുടെ പ്രധാന ആകർഷണമാണ് നേത്രാഭിനയം. നേത്രാഭിനയത്തേയും മുഖാഭിനയത്തേയും പരിചയപ്പെടുത്തുവാനുള്ള അവസരമാണ് പാഠഭാഗത്തെ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നത്.

**പ്രവർത്തനം 1**

വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് മിഴിമൊഴി എന്ന പ്രവർത്തനം ചെയ്യാം.

ഏതെങ്കിലും ഒരു കുട്ടിയെ വിളിക്കുകയും ഇരുവശത്തായി രണ്ട് കൂട്ടുകാരെ നിർത്തുകയും ചെയ്യാം. കണ്ണിന്റെ കൃഷ്ണമണി മാത്രം ചലിപ്പിച്ചുകൊണ്ട് ഇടവും വലവും നിൽക്കുന്ന കൂട്ടുകാരെ നോക്കുന്നു. നോട്ടത്തിന്റെ വേഗത ക്രമീകരിക്കുന്നതിനായി ഒന്ന് എന്ന് പറയുമ്പോൾ വലത്തോട്ടും രണ്ട് എന്ന് പറയുമ്പോൾ ഇടത്തോട്ടും നോക്കുന്നു. അക്കങ്ങൾ പറയുന്നത് പല വേഗത്തിലാക്കയാൽ

കൃഷ്ണമണിയുടെ ചലനവും വ്യത്യാസപ്പെടുത്താം. രണ്ടു കുട്ടികൾ മുഖാമുഖം ഇരുന്ന് ഈ പ്രവർത്തനം ക്ലാസിലെ എല്ലാ കുട്ടികളെക്കൊണ്ടും ചെയ്യിക്കണം.

**മിഴിമൊഴി**

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ആശയങ്ങൾ കണ്ണുകൾ കൊണ്ട് വിനിമയം ചെയ്യുന്നതാണ് മിഴിമൊഴി എന്ന പ്രവർത്തനം

1. അങ്ങോട്ടു നോക്കൂ
2. തീവ്രമായ വെളിച്ചം
3. ചുറ്റിലും ഇരുട്ടാണ്
4. ഇങ്ങോട്ടു വരൂ.

(കൂടുതൽ ആശയങ്ങൾ ടീച്ചർക്ക് കൂട്ടിച്ചേർക്കാം. ക്ലാസിലെ എല്ലാ കുട്ടികൾക്കും പ്രവർത്തനാനുഭവം സൃഷ്ടിക്കേണ്ടതാണ്).

**മുഖാഭിനയം**

പാഠപുസ്തകത്തിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളുടെ അടിസ്ഥാനത്തിൽ മുഖാഭിനയം നടത്തുവാനായി കുട്ടികളെ തയ്യാറാക്കാം.

(വിരിഞ്ഞു നിൽക്കുന്ന പൂവ്, ചലിക്കുന്ന വണ്ട്, പൂവിലേക്ക് പറന്നുവരുന്ന വണ്ട്, തേൻ നുകരുന്ന വണ്ട്, തേൻ നുകർന്നശേഷം പറന്നുപോകുന്ന വണ്ട്.

ക്ലാസിൽ കുട്ടികളുടെ സ്വതന്ത്ര ആവിഷ്കാരമാണ് നടക്കേണ്ടത്. നൃത്താനുഭവം സൃഷ്ടിക്കുക എന്നുള്ളത് മാത്രമാണ് ക്ലാസ് നൃത്തത്തിന്റെ ലക്ഷ്യം. അതിനായി ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളായിരിക്കണം അധ്യാപകർ ആസൂത്രണം ചെയ്യേണ്ടത്.

തുടർപ്രവർത്തനത്തിൽ മുദ്രകൾ കൊണ്ടും മുഖാഭിനയം കൊണ്ടും നേത്രാഭിനയം കൊണ്ടും ആശയങ്ങൾ അഭിനയിക്കുവാനുള്ള നിർദ്ദേശം നൽകാം. (ആശയങ്ങൾ പാഠപുസ്തകത്തിൽ നൽകിയിട്ടുണ്ട്)

**തുടർ പ്രവർത്തനം**

കൂടിയാട്ടം, നങ്ങ്യാർകൂത്ത്, ചാക്യാർകൂത്ത് എന്നീ കലാരൂപങ്ങൾ നേരിൽ കാണാനുള്ള അവസരം ഉണ്ടാക്കാവുന്നതാണ്. കലാരൂപങ്ങൾ പഠിപ്പിക്കുന്ന കളരികൾ സന്ദർശിക്കുക, കലാകാരന്മാരുമായി സംവദിക്കുക തുടങ്ങിയവ തുടർ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താം. മറ്റു രാജ്യങ്ങളിലെ കൂടിയാട്ടത്തിനു സമാനമായ തിയറ്റർ പരിചയപ്പെടുത്താം (കബൂക്കി, നോ etc.)

**വിലയിരുത്തൽ ചോദ്യങ്ങൾ**

- കൂടിയാട്ടം, ചാക്യാർകൂത്ത്, നങ്ങ്യാർകൂത്ത് എന്നിവ കാണുമ്പോഴുള്ള വിദ്യാർത്ഥി കളുടെ അനുഭവം.
- കൂടിയാട്ടത്തിന്റെ/ നങ്ങ്യാർകൂത്തിന്റെ/ ചാക്യാർകൂത്തിന്റെ ആഹാര്യരീതി/ വേഷവിധാനം, മുദ്രകൾ/ അഭിനയരീതി/ നേത്രാഭിനയം/ വാദ്യങ്ങൾ, (മിഴാവ്, ഇടയ്ക്ക്, താളം) എന്നിവയുടെ പ്രത്യേകതകൾ എന്തെല്ലാം?
- നിരന്തര മൂല്യനിർണയം

# 2. വര, നിറം, ദേശം

## 2.1 പാട്ടറിവ്

**ആമുഖം**

ഓരോ പ്രദേശത്തും നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥയെയും സംസ്കാരത്തെയും പ്രതിനിധാനം ചെയ്യുന്നവയാണ് നാടൻപാട്ടുകൾ. നാട്ടറിവുകളും ആർജിതാനുഭവങ്ങളും സങ്കല്പങ്ങളും നാടൻ പാട്ടുകളിലൂടെ തലമുറകളിലേക്ക് പകർന്നുകിട്ടുന്നു. തൊഴിൽ, വിനോദം, അനുഷ്ഠാനം, പ്രകീർത്തനം, ആഘോഷം തുടങ്ങി അനേകം വിഭാഗങ്ങളിലായി നിരവധി നാടൻപാട്ടുകളുണ്ട്. കേരളത്തിലെ വിവിധങ്ങളായ നാടൻപാട്ടുകളെയും അനുഷ്ഠാനപ്പാട്ടുകളെയും കുറിച്ച് ഈ യൂണിറ്റിൽ പരിചയപ്പെടുന്നു.

### യൂണിറ്റ് ഫ്രെയിം

**പഠനലക്ഷ്യങ്ങൾ**

- നാടൻപാട്ടുകളെയും അനുഷ്ഠാനപ്പാട്ടുകളേയും പരിചയപ്പെടുന്നു.
- വിവിധ സംസ്ഥാനങ്ങളിലെ നാടോടിസംഗീതത്തിന്റെ പേരുകൾ പരിചയപ്പെടുന്നു.

| ആശയങ്ങൾ/ ധാരണകൾ | പ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • നാടൻപാട്ടുകൾ വിവിധ തര ത്തിലുണ്ട്.<br>• നാടൻ പാട്ടുകളിൽ അനുഷ്ഠാനപ്പാട്ടുകളും ഉണ്ട്.<br>• നാടൻ പാട്ടുകളേയും അനുഷ്ഠാനപാട്ടുകളേയും പാട്ടുകളിലൂടെ തിരിച്ചറിയുവാൻ സാധിക്കും.<br>• വിവിധ സംസ്ഥാനങ്ങളിൽ നാടോടി സംഗീതം ഉണ്ട്. | • പരിചിതമായ നാടൻപാട്ടുകൾ ക്ലാസ്സിൽ പാടുന്നു.<br>• നാടൻ പാട്ടുകളേയും, അനുഷ്ഠാന പാട്ടുകളേയും തരംതിരിച്ച് പാടുന്നു.<br>• രണ്ട് വിഭാഗങ്ങളിൽ നിന്നുമുള്ള പാട്ടുകൾ കണ്ടെത്തുന്നു.<br>• കൃഷിപാട്ടുകൾ കണ്ടെത്തി ഗ്രൂപ്പുകളായി ക്ലാസ്സിൽ പാടി അവതരിപ്പിക്കുന്നു.<br>• വിവിധ സംസ്ഥാനങ്ങളിൽ പാടി വരുന്ന നാടോടി സംഗീതത്തെ പരിചയപ്പെടുന്നു. | • ഐ.സി.ടി, ലഭ്യമായ സംഗീതോപകരണങ്ങൾ ചാർട്ട്. | • കുട്ടികൾ പാടിയ നാടൻ പാട്ടുകളുടെ ഓഡിയോ ഫയൽ |

**പാഠഭാഗത്തിലൂടെ**

**പീരിഡ് - 1**

“പാട്ടറിവ്” എന്ന യൂണിറ്റിൽ നാടൻപാട്ടുകൾ, അനുഷ്ഠാനപ്പാട്ടുകൾ, അവയുടെ ഉപവിഭാഗങ്ങൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ജനതയുടെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ ഉൾച്ചേർന്നവയാണ് നാടൻപാട്ടുകൾ. ഐതിഹ്യങ്ങൾ, നാടൻ കഥകൾ, പുരാവൃത്തങ്ങൾ, തൊഴിൽ രീതികൾ, വീരാരാധന, വിനോദമാർഗ്ഗങ്ങൾ എന്നിവയെല്ലാം നാടൻപാട്ടിന്റെ പ്രമേയമായി വരാറുണ്ട്. ഓരോ പ്രദേശത്തിനും അവരുടെ തനത് പാട്ടുകളുണ്ട്.

നാടൻപാട്ടുകൾ വിവിധ വിഭാഗങ്ങളുണ്ട്. തൊഴിൽരംഗത്തെ പാട്ടുകളിൽ ഏറ്റവും കൂടുതലായുള്ളത് കൃഷിപ്പാട്ടുകളാണ്.

നാടൻപാട്ടുകളെക്കുറിച്ചുള്ള ചർച്ച

**സൂചകങ്ങൾ**

- നാടൻപാട്ടിന്റെ ഉദ്ഭവം
- പാടുന്ന രീതി
- വായ്ത്താരികളുടെ പ്രാധാന്യം
- സംഗീതോപകരണങ്ങൾ (നാടൻ)
- നാടൻപാട്ടിന്റെ വിവിധ വിഭാഗങ്ങൾ

(റിസോഴ്സ് ഫോൾഡറിലുള്ള "അപ്പാ നമ്മടെ" എന്നു തുടങ്ങുന്ന കൃഷിപ്പാട്ട് കേൾക്കാം)

**1- കൃഷിപ്പാട്ട്**

1. *"അപ്പാ നമ്മടെ കുമ്പളത്തെ*
*അമ്മേ നമ്മടെ ചീരകത്തെ*
*കുമ്പളം പൂത്തതും കാ പറിച്ചതും*
*കറിക്കരിഞ്ഞതും നെയ്യിപ്പൊരിച്ചതും*
*നീയറിഞ്ഞോ നീയറിഞ്ഞോ*
*കറുത്തപെണ്ണേ, കുഞ്ഞാളീ*

കൃഷിപ്പാട്ടുകളിൽത്തന്നെ ഒട്ടനേകം ഉപവിഭാഗങ്ങളുണ്ട്.

- **ഞാറ്റുപാട്ടുകൾ**

പാടത്തു ഞാറുനടുമ്പോൾ പാടുന്ന പാട്ടുകളാണ് ഞാറ്റുപാട്ടുകൾ. ഒരാൾ പാടുന്നത് മറ്റുള്ളവർ ഏറ്റുപാടുന്ന രീതിയിലാണ് ഞാറ്റുപാട്ടുകൾ പാടുക.

ഉദാ:- *സൂര്യനുദിച്ചു കണ്ടേ താരികന്താരോം*
*നേരം പുലർന്നു പോയേ താരിതിനന്തോം*

- **കളപ്പാട്ടുകൾ**

വയലുകളിലെ നെൽച്ചെടികൾക്കൊപ്പം മുളച്ചുപൊന്തുന്ന പാഴ്പ്പുല്ലുകൾ അഥവാ "കളകൾ" പിഴുത് മാറ്റുമ്പോൾ പാടുന്ന പാട്ടുകളാണ് "കളപ്പാട്ടുകൾ".

- **കൊയ്ത്ത്തുപാട്ടുകൾ**

നെല്ലുകൾ കൊയ്യുമ്പോൾ പാടുന്ന പാട്ടുകളാണ് "കൊയ്ത്തുപാട്ടുകൾ"

**2. ചെങ്ങന്നൂരാതി പാട്ട്**

പറയസമുദായ പഴങ്കഥകളിലെ വീരപുരുഷനായ "ചെങ്ങന്നൂരാതി "യെക്കുറിച്ച് പാടുന്ന പാട്ടുകളാണ് ചെങ്ങന്നൂരാതിപ്പാട്ടുകൾ.

*അത്തിന്തോ തെനതിന്തോം തെന തിന്താതിനന്താ*
*അത്തിന്തോം തെനതിന്തോം  തെന തിന്താതിനന്താ*

*ചെങ്ങന്നൂത്തറവാട്ടിലൊരു കുഞ്ഞുപേറന്നേ*
*ഇരുപത്തെട്ടുകെയ്യിയാണേ പേരു വിളിച്ചേ*
*ചെങ്ങന്നൂക്കുഞ്ഞെന്നു പേരു വിളിച്ചേ*

***(സമ്പാ:- മാണിക്കംപെണ്ണ് – നാടൻപാട്ടുകൾ)***

**3. വെറ്റിലപ്പാട്ട്**

പ്രാദേശികമായി വിവാഹ കർമ്മങ്ങളിൽ വെറ്റിലയുടെ മാഹാത്മ്യത്തെക്കുറിച്ചും വെറ്റില മുറുക്കിനെ ക്കുറിച്ചും പഴയ ആളുകൾ പാടിയിരുന്ന പാട്ടുകളാണ് "വെറ്റിലപ്പാട്ടുകൾ"

*"കിങ്ങിണീം കൊണ്ടു തെക്കു പോവാൻ*
*യാത്രചൊല്ലി നടക്കുമ്പോൾ*
*പൂങ്കൊടി തൻ കഴുന്നില*
*ഒന്നൊടിച്ചു കൊണ്ടുവന്നു"*

**4. ഇടനാടൻ പാട്ട്**

*"കന്മടചെറുക്കനെടനാടവനേ*
*അച്ഛന്റെ ചാവേറു വിടാനായ് ക്കൊണ്ടേ*
*അച്ഛനെക്കൊന്ന പകവീടാനായ്ക്കൊണ്ടേ*
*പത്തുജനന്മാരുമായ് പോകുന്നതൊണ്ടേ"*

**5. കടൽ പാട്ട്**

*"താത്തിരി തീത്താന്റെ മോള് വാഹനം*
*ചോന്നാക്കീരന്റെ മോൻ കെട്ട്ന്ന്*
*എല്ലാ മീനിനേം തേടിയറീച്ചില്ല"*

**6. കുറത്തിപ്പാട്ട്**

കുറവ ജാതിയിൽ പെട്ട സ്ത്രീകളാണ് കുറത്തികൾ. കുറത്തികൾ പാടുന്ന രീതിയിൽ മലയാളത്തിൽ ഉണ്ടായിട്ടുള്ള ഗാനസാഹിത്യമാണ് കുറത്തിപ്പാട്ട് . വിനോദപരമായ പാട്ടുകളാണവ.  പല പ്രശസ്ത കവികളും കുറത്തിപ്പാട്ട് രീതിയിൽ കവിതകൾ എഴുതിയിട്ടുണ്ട്.

**7. വട്ടക്കളിപ്പാട്ട്**

വട്ടക്കളിപ്പാട്ട് പല പ്രദേശങ്ങളിൽലും നിലനിൽക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ക്രിസ്ത്യാനികളുടെ ഇടയിൽ കല്യാണത്തിനോടനുബന്ധിച്ച് വട്ടക്കളി എന്ന വിനോദ കലാരൂപമായി നടത്തിവരുന്നത്. ക്നായിത്തോമ്മാ കൊടുങ്ങല്ലൂരിൽ ആസ്ഥാന ഉറപ്പിച്ചതും പിന്നീട് മെത്രാന്മാർ വന്നതും മറ്റുമാണ് വട്ടക്കളയ്ക്ക് പാടുന്ന മിക്കപാടുകളിലെയും പ്രതിപാദ്യം. ചില പാട്ടുകളിൽ വധൂവരന്മാരെ വിശേഷ വസ്ത്രഭരണാദികൾ അണിയിക്കുന്നതും വർണിക്കുന്നുണ്ട്. എടുത്തിര വട്ടക്കളി ,  മംഗല്യം വട്ടക്കളി , വാടിമനം വട്ടക്കളി , യാക്കോവിന്റെ വട്ടക്കളി , മൂശയുടെ വട്ടക്കളിൽ യൗസേപ്പിന്റെ വട്ടക്കളി മൂസയുടെ വട്ടക്കളി , തോബിയാസിന്റെ പാട്ട് എന്നിങ്ങനെ അനേകം വട്ടക്കളിപ്പാട്ടുകൾ ഉണ്ട്.

**8. ചവിട്ടു കളിപ്പാട്ട്**

മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നീ താലൂക്കുകളിൽ പ്രചരിച്ചുവരുന്ന ഒരു കലാരൂപമാണ് ചവിട്ടുകളി. ചെറുമക്കളി എന്ന പേരിലും ഇത് അറിയപ്പെടുന്നു.

ഇത് ചെറുമക്കളുടെ അല്ലെങ്കിൽ പുലയരുടെ ഒരു കലാപ്രകടനമാണ്. അമ്പലത്തിലെ ഉത്സവത്തോടനുബന്ധിച്ചും ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിലും ഈ കലാരൂപം സാമൂഹ്യവിനോദമായി ആവിഷ്കരിച്ചുപോരുന്നു.

## അനുഷ്ഠാനപ്പാട്ടുകൾ

ദേവതോപാസന, ആരാധന, അനുഷ്ഠാന ചടങ്ങുകൾ, മതസംസ്കാര ചടങ്ങുകൾ, മന്ത്രവാദകർമ്മങ്ങൾ, ഉച്ചാടന ക്രിയകൾ, ബലി കർമ്മങ്ങൾ, മറ്റ് ആചാരങ്ങൾ എന്നിവയുടെ ഭാഗമായി പാടിവരുന്ന പാട്ടുകളാണ് അനുഷ്ഠാനപ്പാട്ടുകൾ.

### 1- പുള്ളുവൻ പാട്ട്

നാഗാരാധനയുമായി ബന്ധപ്പെട്ട് കേരളത്തിലെ സർപ്പക്കാവുകളിലും നാഗരാജക്ഷേത്രങ്ങളിലും മറ്റും പുള്ളുവ സമുദായക്കാർ പാടിവരുന്ന പാട്ടാണ് പുള്ളുവൻ പാട്ട്.

*പാതിരക്കുന്നത്തെ രക്ഷകരായുള്ള*
*നാഗങ്ങളേ... ദേവ നാഗങ്ങളേ....*

### 2- ഉടുക്ക് പാട്ട്

ശബരിമല ദർശനത്തിനു പോകുന്ന അയ്യപ്പന്മാർ മകരമാസത്തിലും മണ്ഡലകാലത്തും ശരണം വിളിച്ച് വട്ടത്തിലിരുന്ന് ഉടുക്കു കൊട്ടി പാടുന്ന അയ്യപ്പൻ പാട്ടുകളാണ് "ഉടുക്ക് പാട്ട് " എന്നറിയപ്പെടുന്നത്.

ഉദാ:- *പണ്ടൊരു നാളണ്ടർ കുലത്തിൽ*
*വണ്ടാർ വേണിമാരൊന്നിച്ചു കൂടി*
*കണ്ടിതങ്ങൊരുദ്യാനം തന്നിൽ*
*കൊണ്ടടി ചില കേളികളാടി*

മധ്യകേരളത്തിലും തെക്കൻകേരളത്തിലും ശാസ്താംപാട്ടുകൾ എന്ന പേരിലാണ് അയ്യപ്പൻ പാട്ടുകൾ അറിയപ്പെടുന്നത്. ***(സമ്പാ:- കേരളത്തിലെ നാടൻപാട്ടുകൾ - ഡോ. ശശിധരൻ ക്ലാരി)***

### നന്തുണി പാട്ട്

കൊട്ടാനും മീട്ടാനും കഴിയുന്ന ഒരു നാടൻ താള – ശ്രുതി വാദ്യമായ നന്തുണി കൊട്ടിപ്പാടുന്ന അനുഷ്ഠാനപ്പാട്ടുകളാണ്. നന്തുണിപ്പാട്ട്.

### 3- തുയിലുണർത്ത് പാട്ട്

ഐശ്വര്യസമൃദ്ധിക്കായി പാണവിഭാഗത്തിൽപ്പെട്ട ആളുകൾ വീടുകൾ തോറും ചെന്ന് പാടിയിരുന്ന പാട്ടാണ് തുയിലുണർത്തുപാട്ട്. " നന്തുടി " എന്നറിയപ്പെടുന്ന തുടി കൊട്ടിയാണ് തുയിലുണർത്തുപാട്ട് പാടുന്നത്.

### 4- കുത്തിയോട്ടപ്പാട്ട്

ദക്ഷിണകേരളത്തിലെ ഭഗവതീക്ഷേത്രങ്ങളിൽ നടക്കുന്ന ഒരു ദ്രാവിഡ അനുഷ്ഠാന കലയായ കുത്തിയോട്ടത്തിന് പാടുന്ന പാട്ടുകളാണ് കുത്തിയോട്ടപ്പാട്ടുകൾ.

*തന്നന്നാ താനന്നാ തന്നാനാ തനെയ്*
*താനെന്നാ താനെന്നാ തന്നാനാ*
*തന്നന്നാ താനന്നാ നന്നാനാ തനെയ്*

*താനെന്നാ താനന്നാ തന്നാനാ*

*ഭദ്രേ ഭഗവതി ഭക്താർത്തി ഭഞ്ജരി*
*ഭദ്രകാളി നാഥേ മർത്യപാളി*
*മത്താളിനമധു കൈഭട മത്തേഭവാ ഹരീന്ദ്രേതവ*
*പത്തേഗതി വിപത്താർക്കുമാറ്റാം –*

## 5- ബ്രാഹ്മണിപാട്ട്

ദേവീക്ഷത്രങ്ങളിലും ബ്രാഹ്മണാലയങ്ങളിലും പുഷ്പിണികൾ എന്ന് വിളിക്കപ്പെട്ടുന്ന നമ്പീശൻ ജാതിയിലെ സ്ത്രീകളായ ബ്രാഹ്മണിയമ്മമാർ പാടുന്ന അനുഷ്ഠാനപാപാട്ടാണ് ബ്രാഹ്മണിപ്പാട്ടുകൾ.

## 6- പൂക്കുലപ്പാട്ട്

മലയ എന്ന സമുദായക്കാരുടെ ഇടയിൽ നിലവിലുള്ള ഒരു അനുഷ്ഠാന ഗാനമാണ് പൂക്കുലപ്പാട്ട്. അവരുടെ 'സ്ഥാന'ത്ത് തെയ്യവും തിറയും കെട്ടിയാടിക്കുമ്പോൾ, അവർ കയ്യിൽ കവുങ്ങിൽ പൂക്കുലയുമേന്തി 'പൂക്കുലപ്പാട്ട് ' പാടും. പാട്ടിന്റെ അന്ത്യത്തിൽ പൂക്കുല നാല് ഭാഗത്തും ചിതറുകയും ചെയ്യും. ആവർത്തന സ്വഭാവമുള്ള ഗാനമാണിത്.

## 7- ഭദ്രകാളി പാട്ട്

കുറുപ്പന്മാർ തീയാട്ടുണ്ണികൾ , വേലൻ , മണ്ണാൻ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർ കളം കുറിച്ചു പാട്ടു നടത്തുമ്പോൾ ഭദ്രകാളി പാട്ട് നടത്തും. പറയർ ഭദ്രകാളി ആട്ടത്തിന് പാടുന്ന അനുഷ്ഠാന പാട്ടും ഭദ്രകാളി പാട്ടാണ്.

## പീരീഡ് - 2

നാടൻപാട്ടുകൾ, അനുഷ്ഠാനപ്പാട്ടുകൾ എന്നിവ കുട്ടി തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു. തുടർന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ നാടൻ സംഗീതത്തിന്റെ പേരുകൾ പരിചയപ്പെടുന്നു.

റിസോഴ്സ് ഫോൾഡറിൽ നിന്ന് കേട്ട ഗാനങ്ങളോ നിങ്ങൾക്കിഷ്ടപ്പെട്ട നാടൻസംഗീതത്തിന്റെ പാട്ടുകളേ ഗ്രൂപ്പായി തിരിഞ്ഞ് പാടി നോക്കാം.

നിങ്ങളുടെ പ്രദേശത്ത് കണ്ടുവരുന്ന നാടൻപാട്ടുകൾ, അനുഷ്ഠാനപ്പാട്ടുകൾ എന്നിവ കണ്ടെത്തി അതിന്റെ പ്രത്യേകതകൾ, അലാപനശൈലി എന്നിവയെക്കുറിച്ച് കുറിപ്പ് തയാറാക്കി ആർട്ട്ബുക്കിൽ എഴുതാം. ഇനി ഗ്രൂപ്പായി അവതരിപ്പിക്കാം.

വെട്ടിയാർ എം. പ്രേംനാഥ്, സി.ജെ. കുട്ടപ്പൻ തുടങ്ങി നാടൻപാട്ടുകളിൽ സമഗ്രസംഭാവനകൾ നൽകിയ കലാകാരന്മാരെ പരിചയപ്പെടുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- തെറ്റായ പ്രസ്താവന ഏത്?
  1. മലബാറിലെ വടക്കൻപാട്ടുകൾക്ക് പറയുന്ന മറ്റൊരു പേരാണ് കുത്തിയോട്ടപ്പാട്ട്. - (തെറ്റ്)
  2. കൊയ്ത്തുപാട്ടുകൾ, ഞാറ്റുപാട്ടുകൾ എന്നിവ കൃഷിപ്പാട്ടുകളുടെ ഗണത്തിൽ വരുന്നു. – (ശരി)
  3. താംബൂലദാനവുമായി ബന്ധപ്പെട്ട പാട്ടാണ് ഭഗ്രകാളിപ്പാട്ട്. - (തെറ്റ്)
- ചേരുംപടി ചേർക്കുക.

  കുമ്മിപ്പാട്ട് - ബംഗാൾ

| | | |
|---|---|---|
| പൊവാട | - | തമിഴ്നാട് |
| ഭവഗീതേ | - | മഹാരാഷ്ട്ര |
| ബാവുൾ | - | കർണ്ണാടക |

- കേരള ഫോക് ലോർ അക്കാഡമി ചെയർമാനായി ദീർഘകാലം സേവനമനുഷ്ഠിച്ച നാടൻപാട്ട് കലാകാരനാര്?

**തുടർവായനയ്ക്ക്**

- കേരളത്തിലെ നാടൻപാട്ടുകൾ - ഒരു സമഗ്രപഠനം - ഡോ. ശശിധരൻ ക്ലാരി
- നാടൻപാട്ടുകൾ - വെട്ടിയാർ പ്രേനാഥ്
- മലബാറിലെ പാണപ്പാട്ടുകൾ - ജി. ഭാർഗവൻ പിള്ള
- ഒരു നൂറ് നാടൻപാട്ടുകൾ - കിളിമാനൂർ വിശ്വഭരൻ
- മറിയാമ്മച്ചേടത്തിയുടെ മാണിക്കംപെണ്ണ് - സെബാസ്റ്റ്യൻ വട്ടമറ്റം

## 2.2 പകർപ്പെടുപ്പിന്റെ കല

### ആമുഖം

പ്രിന്റിംഗ് രീതികൾക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മനുഷ്യൻ നടത്തിയിട്ടുള്ള വിപ്ലവാത്മകരമായ കണ്ടുപിടിത്തങ്ങളിലൊന്നാണ് പ്രിന്റിംഗ് സാങ്കേതികത. 206 ബി. സി മുതൽ 220 എ.ഡി വരെ നിലനിന്ന ചൈനയിലെ ഹാൻ രാജവംശ കാലത്താണ് ലോകത്ത് ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും പഴക്കമുള്ള വുഡ്ബ്ലോക്ക് പ്രിന്റ് കണ്ടെത്തിയത്. പേപ്പറിൽ പ്രിന്റ് ചെയ്യാൻ ആരംഭിക്കുന്നത് ഏഴാം നൂറ്റാണ്ട് മുതലാണ്. പതിനഞ്ചാം നൂറ്റാണ്ടോടുകൂടിയാണ് വ്യവസായികമായി പ്രിന്റ് നടത്തുന്നതിനുള്ള പ്രിന്റിംഗ് പ്രസുകൾ സ്ഥാപിക്കപ്പെടുന്നത്. ആധുനികതയുടെ കടന്നുവരവോടെ പിന്നെയും നിരവധി മാറ്റങ്ങളും പുതുമകളും പ്രിന്റിംഗ് സാങ്കേതികതയിൽ വന്നുകൊണ്ടിരുന്നു. ആദ്യകാലങ്ങളിൽ ഒറ്റ നിറത്തിൽ മാത്രം പ്രിന്റിംഗ് സാധ്യമായിരുന്ന തലത്തിൽ നിന്നും പിന്നീട് അത്യാന്താധുനിക രീതിയിൽ ബഹുവർണ്ണ പ്രിന്റിംഗ് നടത്തുന്നതിനുള്ള സാങ്കേതികത വികസിപ്പിക്കപ്പെട്ടു.

വിവിധ തലത്തിലുള്ള പ്രിന്റിംഗ് രീതികളും അതിന്റെ ചരിത്രപശ്ചാത്തലവും പ്രവർത്തന രീതികളും പരിചയപ്പെടുന്നതോടൊപ്പം കുട്ടികൾക്ക് സ്വയം പ്രിന്റിംഗ് ചെയ്യാൻ സാധിക്കുന്ന രീതികളും പ്രതിപാദിക്കുന്ന പാഠഭാഗമാണ് പകർപ്പെടുപ്പിന്റെ കല.

### യൂണിറ്റ് ഫ്രെയിം

#### പഠനലക്ഷ്യങ്ങൾ

- വിവിധ പച്ചക്കറികളിൽ കാർവ് ചെയ്ത് നിറം നൽകി പകർപ്പെടുക്കുന്നതു വഴി അച്ചടിയുടെ അടിസ്ഥാന ഘടകങ്ങൾ മലസ്സിലാക്കുന്നു.
- വിവിധ പ്രിന്റിംഗ് രീതികളും പ്രിന്റിംഗിന്റെ ചരിത്രവും മനസ്സിലാക്കുന്നു.
- പ്രിന്റിംഗുമായി ബന്ധപ്പെട്ട കലാകാരന്മാരെയും ചിത്രങ്ങളേയും പരിചയപ്പെടുന്നു.

| ആശയം/ധാരണ | പഠനപ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • വിവിധതരം സീലുകൾ ഉണ്ട്.<br>• വിവിധതരം പ്രിന്റിംഗ് രീതികൾ ഉണ്ട്.<br>• പ്രിന്റിംഗ് രീതികൾ ഉപയോഗിച്ച് ചിത്രംനിർമ്മിക്കാം.<br>• പ്രിന്റിംഗിന് അനുയോജ്യമായ രീതിയിൽചിത്രങ്ങൾ വരച്ച് തയ്യാറാക്കാം. | • സീലുകൾ എന്തിനാണ് ഉപയോഗിക്കുന്നത് എന്ന ചോദ്യത്തോട്ടു കൂടിയാണ് പാഠഭാഗം ആരംഭിക്കുന്നത്. വിവിധ സിലുകളുടെ ചിത്രങ്ങൾ നൽകിക്കൊണ്ട് സീൽ ഉപയോഗിച്ച് പ്രിന്റ് എടുക്കുന്നത്എങ്ങനെയെന്ന് വിശദമാക്കന്നു.<br>• വിവിധ പച്ചക്കറികൾ മുറിച്ച് അതിൽ മഷിയോ നിറമോ പുരട്ടി പകർപ്പ് എടുക്കുന്ന തെങ്ങനെയെന്ന് ചിത്രസഹിതം വിശദമാക്കുന്നു. | • പച്ചക്കറികൾ, കത്തി, പേപ്പർ, നിറങ്ങൾ<br>• പേപ്പർ, തുണി, നിറങ്ങൾ, കത്തി,കത്രിക, കാർഡ്ബോർഡ് | • പച്ചക്കറികൾ ഉപയോഗിച്ച് നിർമ്മിച്ച സീലുകൾ<br>• സീലുകൾ ഉപയോഗിച്ച് പ്രിന്റ് ചെയ്ത പേപ്പറുകൾ<br>• പൂർത്തിയാക്കിയ ചിത്രങ്ങൾ |

| | | | |
|---|---|---|---|
| | • പേര് സീൽ ആക്കി മാറ്റുന്നതിന്റെ സാങ്കേതികത വിവരിക്കുന്നു.<br>• പ്രിന്റിംഗിന്റെ അടിസ്ഥാന രീതികൾ പരിചയപ്പെടുന്നു.<br>• ടിഡൽ പ്രിന്റിംഗ് മെഷീൻ, ലിത്തോഗ്രഫി, വുഡ്കട്ട് പ്രിന്റിംഗ്, എച്ചിങ്, ഓഫ്സെറ്റ് പ്രിന്റിംഗ്, ഡിജിറ്റൽ പ്രിന്റിംഗ്, സ്ക്രീൻ പ്രിന്റിംഗ്, എക്കോ പ്രിന്റിംഗ്, യുക്കിയോ- ഇ- പ്രിന്റിംഗ് തുടങ്ങിയ വിവിധ ങ്ങളായ പ്രിന്റിംഗ് രീതികളെ ക്കുറിച്ച് വിവരിക്കുന്നു.<br>• പ്രിന്റിംഗ് രീതികൾ ഉപയോഗിച്ച് ചിത്രം നിർമ്മിക്കു ന്നതെങ്ങനെയെന്ന് ഉദാഹരണ സഹിതം വിശദമാക്കുന്നു.<br>• ചിത്രത്തിന്റെ ആശയം, രചനാ രീതി, പ്രത്യേകതകൾ, പൂർണ്ണത എന്നിവ ചർച്ച ചെയ്യുന്നു.<br>• പ്രിന്റിംഗിന് അനുയോജ്യമായ രീതിയിൽ വരയ്ക്കുന്ന തെങ്ങനെയെന്ന് ഉദാഹരണ സഹിതം വിശദമാക്കുന്നു.<br>• പ്രശസ്ത പ്രിന്റ് മേക്കറായ സോംനാഥ്ഹോർ, സെറീനഹാഷ്മി എന്നിവരെ പരിചയപ്പെടുത്തുന്നു. | | |

**പാഠഭാഗത്തിലൂടെ**

**പീരിഡ് - 1**

- വിവിധ പച്ചക്കറികൾ മുറിച്ച് അതിൽ മഷിയോ നിറമോ പുരട്ടുക
- നിറം ഉണങ്ങുന്നതിനുമുമ്പ് പേപ്പറിൽ പതിപ്പിച്ച് നോക്കുക.
- പച്ചക്കറിയുടെ മുറിച്ച ഭാഗത്തെ പാടുകൾ, പ്രതലസ്വഭാവം, അടയാളങ്ങൾ, രൂപങ്ങൾ തുടങ്ങിയവ പേപ്പറിൽ പതിയുന്നു.
- ഇതേ പ്രവർത്തനം തുണിയിലും ചെയ്യാവുന്നതാണ്.

**പഠന സാമഗ്രികൾ**

പേപ്പർ, തുണി, ഫാബ്രിക് കളറുകൾ, പോസ്റ്റർ കളറുകൾ, പച്ചക്കറി

**2. പ്രിന്റ് ചെയ്യാം**

- പേര് സീൽ ആക്കി മാറ്റാനുള്ള മുന്നൊരുക്കങ്ങൾ
  - പേര് പേപ്പറിൽ എഴുതുക.
  - പകർപ്പെടുക്കാൻ അനുയോജ്യമായ രീതിയിൽ പേര് തിരിച്ചെഴുതി നോക്കുക.
  - അനുയോജ്യമായ പച്ചക്കറി തിരഞ്ഞെടുക്കുക.
  - തിരിച്ചെഴുതിയ പേര് പച്ചക്കറിയിൽ കൊത്തിയെടുക്കുക.
- ഉരുളക്കിഴങ്ങ്, ക്യാരറ്റ്, ബീറ്റ്റൂട്ട്, തുടങ്ങിയവ പ്രതല വിസ്താരമേറിയതും മുറിച്ചെടുക്കാൻ സാധിക്കുന്നതുമായ പച്ചക്കറികൾ തിരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം.
- ആകൃതികളോ അക്ഷരങ്ങളോ ഡിസൈനുകളോ പച്ചക്കറിയിൽ കൊത്തിയെടുത്ത് നിറങ്ങൾ പുരട്ടി പ്രതലത്തിൽ പതിപ്പിച്ച് പ്രിന്റിംഗ് നടത്തുക.
- പതിപ്പിക്കുമ്പോൾ ആകൃതിയുടെയും അക്ഷരങ്ങളുടെയും ഡിസൈനുകളുടെയും തലതിരിഞ്ഞ പ്രിന്റ് ലഭിക്കുന്നതായി കാണാം.
- നമുക്ക് ലഭിക്കേണ്ട പ്രിന്റ് ഏതാണോ അത് ലഭിക്കണമെങ്കിൽ പച്ചക്കറി യിൽ കൊത്തിയെടുക്കേണ്ടത് അതിന്റെ തലതിരിഞ്ഞ ചിത്രമാണ്.

  പതിപ്പിക്കുമ്പോൾ ലഭിക്കേണ്ട അക്ഷരം - ല

  കൊത്തിയെടുക്കേണ്ട തലതിരിഞ്ഞ രൂപം - ല (തലതിരിഞ്ഞത്)

  ചില അക്ഷരങ്ങൾ യഥാർത്ഥത്തിലുള്ളതും തലതിരിഞ്ഞ രൂപവും ഒരേ തരത്തിൽ ആയിരിക്കും.

ഉദാഹരണം : ത, ന, ധ, A, T, I, V

➢ പച്ചക്കറിയിൽ ചെയ്യുന്ന അതേ പ്രവർത്തനം കാഠിന്യം കുറഞ്ഞ മരക്കഷണങ്ങളിലോ പ്ലൈവുഡിലോ ബേസ് ബോർഡിലോ ചെയ്തു നോക്കാവുന്നതാണ്.

- നിർമ്മിച്ച സീലുകളും പ്രിന്റുകളും പ്രദർശിപ്പിക്കുക.
- സീൽ നിർമ്മിച്ചതിന്റെയും പ്രിന്റിംഗ് നടത്തിയതിന്റെയും അനുഭവങ്ങൾ കുട്ടികൾ പങ്കുവയ്ക്കുന്നു.

**പീരിഡ് - 2**

**3. പ്രിന്റംഗിന്റെ രീതികൾ ഉപയോഗിച്ച് ഒരു ചിത്രം നിർമ്മിക്കു.**

- വിവിധ രൂപങ്ങൾ കട്ടിയുള്ള പേപ്പറിലോ കാർഡ്ബോർഡിലോ വെട്ടിയെടുക്കുക.
- വെട്ടിയെടുത്ത രൂപത്തിൽ മഷിയോ നിറങ്ങളോ പുരട്ടുക
- തുണിയിലോ പേപ്പറിലോ പതിപ്പിച്ച് പ്രിന്റിംഗ് നടത്തുക.
- വിവിധ രൂപങ്ങൾ ഇതേ പ്രകാരം പ്രിന്റിംഗ് നടത്തി ചിത്രം തയ്യാറാക്കുക.

**മുന്നൊരുക്കം**

- നിർമ്മിക്കാനുദ്ദേശിക്കുന്ന ചിത്രത്തെക്കുറിച്ച് ധാരണ ഉണ്ടാവണം.
- ചിത്രത്തിന്റെ ആശയം എന്തായിരിക്കണം എന്ന് മുൻകൂട്ടി തീരുമാനിക്കണം.

- ആശയത്തിന് അനുസൃതമായ രൂപങ്ങൾ കണ്ടെത്തി വരച്ചു വെട്ടിയെടുക്കണം
- തുണിയിലോ പേപ്പറിലോ പതിപ്പിക്കുമ്പോൾ രൂപത്തിൽ നൽകിയ നിറങ്ങൾ തൊട്ടടുത്ത രൂപം ഏതാണ് എന്നതൊക്കെ ശ്രദ്ധിക്കണം.
- അടുത്തടുത്ത് വിവിധ രൂപങ്ങൾ പതിപ്പിക്കുമ്പോൾ വരുന്ന അർത്ഥതലങ്ങളെക്കുറിച്ച് ധാരണ ഉണ്ടാവണം.

**പഠനസാമഗ്രികൾ**

പൂർത്തിയാക്കിയ ചിത്രങ്ങൾ പ്രദർശിപ്പിക്കുക. ചർച്ച ചെയ്യുക.

**ചർച്ചാ സൂചകങ്ങൾ**

- ചിത്രത്തിന്റെ ആശയം
- രൂപങ്ങളുടെ പ്രത്യേകതകൾ
- രൂപങ്ങൾ വെട്ടിയെടുത്തതിലെ പൂർണത
- രചനാരീതി

**വിലയിരുത്തൽ ചോദ്യങ്ങൾ**

- പേപ്പറിലോ തുണിയിലോ നേരിട്ട് വരച്ച് നിറങ്ങൾ നൽകി ചിത്രം തയ്യാറാക്കുന്നതിൽ നിന്നും പ്രിന്റിംഗ് നടത്തി ചിത്രം തയ്യാറാക്കുമ്പോൾ സംഭവിക്കുന്ന വ്യത്യാസം എന്തൊക്കെ?
- പേപ്പറിന്റെയും തുണിയുടെയും പ്രതലസ്വഭാവം കട്ടിയുള്ള പേപ്പറിന്റെയും കാർഡ്ബോർഡിന്റെയും പ്രത്യേകതകൾ എന്നിവ ചിത്രത്തിൽ എന്തൊക്കെ പുതുമകൾ ഉണ്ടാക്കി

**4. വരയ്ക്കാം**

- പ്രിന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന ചിത്രം, രൂപം എന്നിവ എങ്ങനെയുള്ളതാവണം എന്ന് മുൻകൂട്ടി ധാരണ ഉണ്ടാക്കുക.
- ആശയങ്ങൾ കണ്ടെത്തുക.
- ആശയത്തിന് യോജിക്കുന്ന രൂപങ്ങളോ ആകൃതിയോ ഡിസൈനുകളോ കണ്ടെത്തുക.
- പ്രിന്റിംഗിന് അനുകൂലമായ രീതിയിൽ വേണം ചിത്രങ്ങളോ രൂപങ്ങളോ വരയ്ക്കാൻ.

**ഇന്ത്യയിലെ അച്ചടി നിർമ്മാണത്തിന്റെ ഹ്രസ്വചരിത്രം**

1500 കളുടെ മധ്യത്തിൽ കൊളോണിയൽ ഇറക്കുമതി എന്ന നിലയിലാണ് അച്ചടി ഇന്ത്യയിൽ പ്രചാരം നേടുന്നത്. ആദ്യകാലത്ത് മതപ്രചാരണത്തിനുള്ള മാർഗ മായും പിന്നീട് വ്യവസായികവും രാഷ്ട്രീയവുമായ ആവശ്യങ്ങൾക്കും അച്ചടി ഉപ യോഗിച്ചുപോന്നു. പ്രിന്റിംഗ് എന്നതിൽ നിന്ന് പ്രിന്റ് മേക്കിങ് അല്ലെങ്കിൽ അച്ചടിച്ച ചിത്രത്തിന്റെ കല (The Art of the printed picture) ഉയർന്നുവന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ബ്രിട്ടീഷ് ഭരണത്തിന്റെ തലസ്ഥാനമായ കൊൽക്കത്തയിൽ അച്ചടി പ്രസിദ്ധീകരണ വ്യവസായം അഭിവൃദ്ധി പ്രാപിച്ചു. തദ്ദേശീയരും അച്ചടിനിർമ്മാണ വ്യവസായത്തിലേക്ക് കടന്നുവന്നതോടെ പ്രാദേശിക അച്ചടി സംസ്കാരത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ചു. അച്ചടിവിപ്ലവം ഇന്ത്യയിൽ വലിയ സ്വാധീനം ചെലുത്തി. പതിനാറാം നൂറ്റാണ്ടിൽ ഗോവയിൽ ആരംഭിച്ച് ഇന്ത്യയിലെ എല്ലാ വലിയ നഗരങ്ങളിലും അച്ചടി നിർമ്മാണശാലകൾ ആരംഭിച്ച് മത-സാംസ്കാരിക-വിദ്യാഭ്യാസ-ഔദ്യോഗിക-മാധ്യമ മേഖലകളിൽ വലിയ സ്വാധീനം ചെലുത്തി സമൂഹത്തെ പുരോഗമനപരമായി മാറ്റിത്തീർത്തു. പുസ്തകങ്ങൾ, വർത്തമാനപത്രങ്ങൾ തുടങ്ങിയവ വലിയതോതിൽ പ്രചരിക്കാൻ ആരംഭിക്കുകയും, വിദ്യാഭ്യാസ-സാക്ഷരത പ്രസ്ഥാനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു. നവോത്ഥാന പ്രസ്ഥാനങ്ങളുടെയും അനാചാരങ്ങൾക്കെതിരായ ആശയങ്ങളുടെയും പ്രചാരണം കൂടുതൽ ശക്തി പ്രാപിക്കാൻ അച്ചടി കാരണമായി. സ്വാതന്ത്ര്യസമരകാലത്തും ജനങ്ങളെ ഏകോപിപ്പിക്കാൻ നോട്ടീസുകളും പത്രങ്ങളും വഹിച്ച പങ്ക് നിസ്തുലമാണ്.

**അച്ചടി കലയുടെ ആവിർഭാവം ഇന്ത്യയിൽ ലഘുചരിത്രം**

1921-ൽ നന്ദലാൽ ബോസ് ശാന്തിനികേതനിലെ കലാഭവനിൽ പ്രിന്റ് മേക്കിങ് പരിചയപ്പെടുത്തുന്നതോടെയാണ് അച്ചടിയിൽ നിന്നും അച്ചടി കലയുടെ ആവിർഭാവത്തെക്കുറിച്ച് ഇന്ത്യൻ കലാലോകത്തിന് അറിവ് ലഭിക്കുന്നത്. 'കല', 'ക്രാഫ്റ്റ്' എന്നിങ്ങനെ ഉള്ള വിഭജനമില്ലാത്ത കലയിലെ വൈവിധ്യമാർന്ന പുതിയ ഭാഷയ്ക്കുള്ള അന്വേഷണമാണ് നന്ദലാലിനെ പ്രിന്റ് മേക്കിങ്ങിൽ എത്തിച്ചത്. സാങ്കേതികത, പ്രക്രിയ, രീതികൾ, ജനാധിപത്യ സ്വഭാവം, സൗന്ദര്യാത്മകത എന്നിവ സമ്മേളിക്കുന്ന ഒരു കലാസങ്കേതം എന്ന നിലയിൽ പ്രിന്റ് മേക്കിങ്ങിന് വലിയ സ്വീകാര്യത ലഭിച്ചു. 1930 കളിൽ രാംകിങ്കർ ബെയ്ജ്, നന്ദലാൽ ബോസ് എന്നിവർ ചേർന്ന് സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായി നിരവധി രാഷ്ട്രീയ പോസ്റ്ററുകൾ നിർമ്മിച്ചു. ശാന്തിനികേതനിൽ കലാപഠനം നടത്തി പ്രിന്റ് മേക്കിങ്ങിൽ വ്യക്തിമുദ്ര പതിപ്പിച്ച കലാകാരനാണ് ചിത്തപ്രസാദ് ഭട്ടാചാര്യ. ബംഗാൾ ക്ഷാമകാലത്തെ കഷ്ടതകളെ ചിത്രീകരിച്ച അദ്ദേഹം സാമൂഹിക രാഷ്ട്രീയ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യസമരം, കർഷക വിപ്ലവം എന്നിവയിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തു. സൈനുൽ ആബിദ്, കമറുൽ ഹസൻ തുടങ്ങിയ കലാകാരന്മാരും ബംഗാളിലെ ക്ഷാമകാലത്തെ ചിത്രീകരിച്ചവരാണ്. പ്രിന്റ് മേക്കിങ് കലയിൽ അദ്വിതീയമായ സംഭാവനകൾ നൽകിയ നിസ്തുല കലാകാരനാണ് സോംനാഥ് ഹോർ. അദ്ദേഹത്തിന്റെ സമകാലികനായ ഹരേൺദാസ് ബംഗാളിന്റെ പ്രകൃതി ദൃശ്യങ്ങൾ കാവ്യാത്മകമായ ഗ്രാമീണ ജീവിതം, ഭൂഭാഗ ദൃശ്യങ്ങൾ എന്നിവ വുഡ്കട്ട് പ്രിന്റിങ്ങിലൂടെ രേഖപ്പെടുത്തി.

ഇന്റാഗ്ലിയോ, വിസ്കോസിറ്റി എന്നീ പ്രിന്റ്മേക്കിങ് രീതികളിൽ വിദഗ്ധനായ മാസ്റ്റർ പ്രിന്റ് മേക്കറാണ് കൃഷ്ണ റെഡ്ഡി. കെ.ജി സുബ്രഹ്മണ്യൻ, ലക്ഷ്മ ഗൗഡ്, വി.എസ് ഗെയ്ട്ടോണ്ടേ, ശക്തിബർമൻ, കവിത ജേയ്സ്വാൾ, അനുപം സൂഡ്, ജ്യോതിഭട്ട് തുടങ്ങിയവർ അതിപ്രഗൽഭരായ പ്രിന്റ് മേക്കിങ് കലാകാരന്മാരാണ്.

**തുടർ പ്രവർത്തനം**

- ഇന്ത്യയിലെ സമകാലിക പ്രിന്റ് മേക്കേഴ്സിനെ കണ്ടെത്തി ആൽബം തയ്യാറാക്കുക.
- കേരളത്തിൽ പ്രിന്റ് മേക്കിങ് കലയിൽ പ്രശസ്തരായ കലാകാരരെ കണ്ടെത്തുക.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- സീൽ ഉപയോഗിച്ച് പ്രിന്റ് നടത്തുന്നതെങ്ങനെ?
- പച്ചക്കറികൾ മുറിച്ച് പ്രിന്റ് തയ്യാറാക്കുന്ന പ്രക്രിയ എങ്ങനെ?
- പച്ചക്കറിയിൽ അക്ഷരങ്ങൾ കൊത്തിയെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
- പ്രിന്റിംഗിന്റെ അടിസ്ഥാന രീതി ഏതാണ്?

- വിവിധ പ്രിന്റിംഗ് രീതികൾ ഏതൊക്കെ?
- ഇന്റാഗ്ലിയോ പ്രിന്റ് നിർമ്മാണ പ്രക്രിയ ഏതാണ്?
- റിലീഫ് പ്രിന്റിംഗ് സാങ്കേതികത ഏതാണ്?

**നിരന്തര വിലയിരുത്തൽ പ്രക്രിയ**

- പ്രിന്റുകളുടെ പ്രദർശനം
- പച്ചക്കറികൾ ഉപയോഗിച്ചുകൊണ്ട് നിർമ്മിച്ച സീലുകൾ - പ്രദർശനം
- അനുഭവങ്ങളുടെ പങ്കുവയ്ക്കൽ
- ചർച്ചയിലെ പങ്കാളിത്തം
- പ്രിന്റിംഗ് രീതികൾ ഉപയോഗിച്ച് ചെയ്ത ചിത്രങ്ങളുടെ പ്രദർശനം
- പ്രിന്റിംഗിന് അനുയോജ്യമായി വരയ്ക്കുന്ന ചിത്രങ്ങളുടെ പൂർണത.

**അധിക വിവരങ്ങൾ**

- 1894 ൽ രാജാ രവിവർമ്മ ബോംബെയിൽ രാജാരവിവർമ്മ പ്രസ്സ് എന്ന പേരിൽ ലിത്തോഗ്രാഫിക് പ്രസ്സ് ആരംഭിച്ചു.
- കുറഞ്ഞ വിലയിൽ ലിത്തോഗ്രാഫിക് പ്രിന്റുകൾ ജനങ്ങളിലെത്തിക്കാൻ രവിവർമ്മക്ക് സാധിച്ചു.
- ഒലിയോഗ്രാഫ് പ്രിന്റുകൾ (Oleograph Prints) വലിയ പ്രചാരം നേടി.
- ഓയിൽ പ്രിന്റിംഗിനെ പുനർ നിർമ്മിക്കുന്ന പ്രിന്റിംഗ് രീതിയാണ് ഒലിയോഗ്രാഫ്.
- രവിവർമ്മയുടെ ഓയിൽ പ്രിന്റിംഗുകളിൽ ഒലിയോഗ്രാഫ് പ്രിന്റുകൾ വളരെയധികം പതിപ്പുകൾ വിപണിയിൽ എത്തിയിരുന്നു.

**തുടർ വായന**


- A brief History of Print Making in India - by Paula Sengupta
- Popular Indian Art - Raja Ravi Varma and the printed Gods Of India Oxford Publication
- Chitt prasad 1915-1978 – A Retrospective - DAG

## 2.3 സിനിമയൊരുക്കം

**ആമുഖം**

സിനിമ അനേകം കലകളുടെ സമന്വയമാണ്. തിരക്കഥ രചിക്കുമ്പോൾതന്നെ അതിന്റെ വിശദമായ രൂപരേഖ എഴുതിവയ്ക്കപ്പെടണം. അതായത് ചിത്രീകരിക്കുമ്പോൾ ആവശ്യമായതും ശ്രദ്ധിക്കേണ്ടതുമായ ഘടകങ്ങൾ എന്തൊക്കെയാണെന്ന് തിരക്കഥയിൽ ഉണ്ടാവണം. സീനുകളുടെ പശ്ചാത്തലം, സമയം, കാലഘട്ടം, കഥാപാത്രങ്ങൾ, സംഭാഷണങ്ങൾ, വയസ്സ്, സ്വഭാവം, രൂപം അതുപോലെ കഥാപാത്രങ്ങളുടെ വസ്ത്രധാരണം ഒക്കെ തിരക്കഥാകൃത്ത് കൃത്യമായി രേഖപ്പെടുത്തണം. കഥയ്ക്കനുസരിച്ച് ഇവയെല്ലാം വ്യത്യസ്ത മായിരിക്കും. ഇതിൽ പ്രധാനപ്പെട്ട കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നിവയെക്കുറിച്ചും ഇവയുടെ പ്രാധാന്യത്തെക്കുറിച്ചും തിരക്കഥയ്ക്കനുസരിച്ച് അവ എങ്ങനെ ഉണ്ടാക്കിയെടുക്കാം എന്നും ഈ പാഠഭാഗത്തിൽ പ്രതിപാദിക്കുന്നു.

<u>**യൂണിറ്റ് ഫ്രയിം**</u>

**പഠനലക്ഷ്യങ്ങൾ**

- സിനിമാ നിർമ്മാണത്തിൽ പ്രധാനപ്പെട്ട മേഖലകളായ കലാസംവിധാനം, വസ്ത്രാലങ്കാരം, ചമയം എന്നിവ മനസ്സിലാക്കുന്നു.

| ആശയങ്ങൾ/ധാരണകൾ | പഠന പ്രവർത്തനങ്ങൾ/ പഠന തന്ത്രങ്ങൾ | പഠനസാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • സിനിമാ ചിത്രീകരണത്തിൽ കലാസംവിധാനം പ്രധാനപ്പെട്ട മേഖലയാണ്.<br>• സിനിമയിൽ കഥാപാത്രത്തിന്റെ ചമയം, വസ്ത്രാലങ്കാരം, എന്നിവ വളരെ പ്രധാന്യമുള്ള വയാണ്.<br>• തിരക്കഥയ്ക്കനുസരിച്ച് കലാസംവിധാനം ചെയ്യണം.<br>• തിരക്കഥയ്ക്കനുസരിച്ച് ചമയം വസ്ത്രാലങ്കാരം എന്നിവ ശ്രദ്ധിക്കണം.<br>• സിനിമ ആസ്വദിക്കു മ്പോൾ കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നീ മേഖലകൾ ശ്രദ്ധിച്ച് അഭിപ്രായം രേഖപ്പെടു ത്തണം. | • തിരക്കഥ വായിച്ച് ആ സീനിന്റെ പശ്ചാത്തലം കഥാപാത്രങ്ങൾ ഉപയോ ഗിക്കുന്ന വസ്തുക്കൾ എന്നിവ പട്ടികപ്പെടുത്തുന്നു.<br>• പാഠപുസ്തകത്തിലെ സീൻ ഷൂട്ട് ചെയ്യുന്നതിനാവശ്യമായ വിശദമായ ചാർട്ട് തയ്യാറാ ക്കുക. കലാസംവിധാനം ചമയം, വസ്ത്രാലങ്കാരം എന്നിങ്ങനെ തരം തിരിച്ച് തയ്യാറാക്കുക.<br>• വിവിധ സിനിമകളിലെ കലാസംവിധാനത്തിനും ചമയം, വസ്ത്രാലങ്കാരം എന്നിവയ്ക്ക് പ്രാധാന്യം നൽകിയ രംഗങ്ങൾ (സ്കൂൾ റിസോഴ്സ് – പഴശ്ശിരാജ,കാലാപാനി) കാണിച്ചതിനുശേഷം അസ്വാദനക്കുറിപ്പ്തയ്യാറാക്കുക | • സിനിമകൾ,<br>• സിനിമകളുടെ പോസ്റ്ററുകൾ.<br>• ഐസിടി സംവിധാനം, സ്കൂൾ റിസോഴ്സ് ഫയലുകൾ, ചലച്ചിത്രങ്ങൾ<br>• കലാസംവിധാനം, ചമയം, വസ്ത്രാല ങ്കാരം എന്നിവയിൽ വ്യത്യസ്തതയുള്ള ചലച്ചിത്രങ്ങൾ.<br>• ഉദാ :- പഴശ്ശിരാജ, കാലാപാനി, താരേ സമീൻപർ | • കുറിപ്പുകൾ |

**പാഠഭാഗത്തേക്ക്**

**പീരീഡ് 1**

സിനിമയുടെ വിവിധ മേഖലകളിൽ പ്രധാനപ്പെട്ട മേഖലകളാണ് കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നിവ. തിരക്കഥക്കനുസരിച്ച് കലാസംവിധാനം ചെയ്യുന്നതിനും കഥാപാത്ര പൂർണ്ണതയ്ക്കുവേണ്ടി വസ്ത്രാലങ്കാരം, ചമയം എന്നിവ എങ്ങനെ രൂപകല്പന ചെയ്യാം എന്നിങ്ങനെയുള്ള ആശയങ്ങളാണ് ഈ പാഠഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പ്രവർത്തനം 1**

**സിനിമ പോസ്റ്റർ**

പാഠപുസ്തകത്തിലെ "The Red Balloon" എന്ന സിനിമയുടെ പോസ്റ്റർ കുട്ടികളെ കാണിക്കുക. ആൽബർട്ട് ലാമൊറിസ്സെയുടെ പ്രസിദ്ധമായ സിനിമയാണ് ഇത്. ഈ പോസ്റ്ററിൽ സംവിധായകന്റെ പേര് മാത്രമേ ചേർത്തിട്ടുള്ളൂ. കുട്ടികൾ മുൻപ് കണ്ടിട്ടുള്ള ചലച്ചിത്രപോസ്റ്ററുകളിൽ നിന്ന് ഈ പോസ്റ്ററിലേക്ക് ബാക്കി എന്തൊക്കെ ചേർക്കാം എന്നതിന്റെ കുറിപ്പ് തയ്യാറാക്കുക. കുറിപ്പ് തയ്യാറാക്കിയശേഷം മറ്റു മേഖലകൾ കൂടി അടങ്ങിയ സിനിമാപോസ്റ്റർ കാണിച്ച് സിനിമയുടെ മറ്റു മേഖലകളെക്കുറിച്ച് ചർച്ച ചെയ്യാം.

**ചർച്ച സൂചകങ്ങൾ**

കഥ, തിരക്കഥ, സംവിധാനം, പ്രൊഡ്യൂസർ, സിനിമാറ്റോഗ്രഫി, കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം, സംഗീതം, സൗണ്ട് ഡിസൈൻ, VFX, കളറിസ്റ്റ് etc..

**പ്രവർത്തനം 2**

**സിനിമാ ഒരുക്കം**

പാഠഭാഗത്തെ തിരക്കഥാരംഗം വായിപ്പിക്കുക. രംഗത്തിൽ കലാസംവിധാനത്തിൽ ഉൾപ്പെടുന്ന കാര്യങ്ങൾ, വസ്തുക്കൾ എന്തൊക്കെയാണ് എന്ന് നിർദ്ദേശങ്ങൾ നൽകുക.

കലാസംവിധാനത്തെ ആസ്പദമാക്കി തിരക്കഥാരംഗത്തിൽ എന്തൊക്കെയുണ്ടാകും എന്ന് കുട്ടികളുമായി ചർച്ച ചെയ്യാം.

**ചർച്ചാസൂചകങ്ങൾ**

1. കാലപ്പഴക്കം തോന്നിപ്പിക്കുന്ന രീതിയിൽ സ്വീകരണമുറി ഒരുക്കണം.
2. ചിത്രകാരന്റെ മുറിയിൽ ഉണ്ടായിരിക്കേണ്ട ക്യാൻവാസ്, ഈസൽ (ചിത്രം വരയ്ക്കാൻ ഉപയോഗിക്കുന്ന സ്റ്റാൻഡ്) പാലറ്റ്, നിറങ്ങൾ, ബ്രഷുകൾ, വെള്ളം, ഡസ്റ്റ്ബിൻ, വരച്ച പഴയ ചിത്രങ്ങൾ എന്നിവ ഉണ്ടാകും.
3. സ്വീകരണമുറിയിൽ ഉണ്ടാകുന്ന വസ്തുക്കൾ മേശ, ഗ്ലാസുകൾ ഉണ്ടാകും.
4. മറ്റെന്തൊക്കെ ഉണ്ടാകാം?

**പ്രവർത്തനം 3**

ചമയത്തെ (Make-up) ആസ്പദമാക്കി തന്നിരിക്കുന്ന തിരക്കഥയിലെ കഥാപാത്രങ്ങൾക്ക് എന്തൊക്കെ സവിശേഷതകളുണ്ടാകും എന്ന് കുട്ടികളുമായി സംവദിക്കാം.

**സൂചകങ്ങൾ :**

- കഥയ്ക്കനുസരിച്ച് അഭിനേതാക്കളെ രൂപപരമായി ചായവും മറ്റുവസ്തുക്കളുമുപയോഗിച്ച് കഥാപാത്രങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് ചമയം.
- പാഠഭാഗത്തിലെ സീനിൽ 80 വയസ്സ് പ്രായം തോന്നിക്കുന്ന വൃദ്ധൻ ഉണ്ട്. ചിലപ്പോൾ അഭിനേതാവിന് അത്രയും വയസ്സ് ഉണ്ടാവില്ല. അഭിനേതാവിനെ ചമയപ്രക്രിയയിലൂടെ കഥാ പാത്രമായി മാറ്റണം.

മറ്റു കഥാപാത്രങ്ങൾ, അവരുടെ പ്രത്യേകതകൾ എന്നിവ ശ്രദ്ധിച്ച് കുട്ടികൾ അവരവരുടെ ഭാവനയിൽ എഴുതട്ടെ.

**കഥാപാത്രങ്ങൾ**

- 80 വയസ്സുള്ള വൃദ്ധൻ
- 10 വയസ്സുള്ള പെൺകുട്ടി
- വേലക്കാരൻ
- പോലീസുകാരൻ

**പ്രവർത്തനം 4**

വസ്ത്രാലങ്കാരത്തെ ആസ്പദമാക്കി തന്നിരിക്കുന്ന തിരക്കഥയിലെ കഥാപാത്രങ്ങൾക്ക് എന്തൊക്കെ സവിശേഷതകളുണ്ടാകും. ചർച്ച ചെയ്യാം. അഭിനേതാക്കളുടെ ചമയം കഴിഞ്ഞാൽ അവരുടെ വസ്ത്രാലങ്കാരം കൂടി കഴിയുമ്പോഴാണ് ആ കഥാപാത്രം പൂർണത കൈവരിക്കുന്നത്.

വസ്ത്രാലങ്കാരത്തിലൂടെ കഥാപാത്രത്തിന്റെ വയസ്സ്, ആകാരം, സ്വഭാവം, ജോലി എന്നിവയൊക്കെ പ്രകടിപ്പിക്കാൻ പറ്റണം. അതുപോലെ തന്നെ വസ്ത്രത്തിന്റെ നിറങ്ങളുടെ തിരഞ്ഞെടുപ്പും പ്രധാനമാണ്. കഥയുടെ കാലഘട്ടം കഥാപാത്രങ്ങളുടെ സവിശേഷതകൾ, വസ്ത്രങ്ങളുടെ നിറപ്പൊരുത്തം എന്നിവ ശ്രദ്ധിക്കണം.

പാഠഭാഗത്ത് തന്നിരിക്കുന്ന തിരക്കഥാരംഗം മനസ്സിലാക്കി കഥാപാത്രങ്ങൾക്ക് അനുയോജ്യമായ വസ്ത്രങ്ങൾ കണ്ടെത്തൂ. എഴുതിയോ വരച്ചോ അവതരിപ്പിക്കാം.

**സൂചകങ്ങൾ**

- 80 വയസ്സുള്ള വൃദ്ധൻ ഉദാഹരണം

  (വീടിനുള്ളിലാണ് - മുണ്ട്, ബനിയൻ എന്നിവ നൽകാം)

- 10 വയസ്സുള്ള പെൺകുട്ടി (പാവാട, ഷർട്ട്)
- വേലക്കാരൻ (കൈലി, തോർത്ത്)
- പോലീസുകാരൻ (യൂണിഫോം വേണം)

**പീരീഡ് 2 പ്രവർത്തനം 1**

**സിനിമ കാണാം**

സിനിമ കണ്ടശേഷം കലാസംവിധാനത്തിലും ചമയത്തിലും വസ്ത്രാലങ്കാരത്തിലും ഉള്ള പ്രത്യേകതകൾ കണ്ടെത്തി ചർച്ച ചെയ്ത് അവതരിപ്പിക്കുകയാണ് വേണ്ടത്. സ്കൂൾ റിസോഴ്സ് ഫോൾഡറിൽ നൽകിയ

സിനിമകൾ ഇതിന് ഉപയോഗിക്കാവുന്നതാണ്. കൂടാതെ മറ്റു സിനിമകളും ഉപയോഗിക്കാം. കലാസംവിധാനത്തിലും ചമയത്തിലും വസ്ത്രാലങ്കാരത്തിലും ഒക്കെ പ്രാധാന്യമുള്ള സമകാലീന ചലച്ചിത്രങ്ങൾ ഉദാഹരണമാക്കാവുന്നതാണ്.

**ചർച്ച ചെയ്യുക**

**സൂചകങ്ങൾ**

- കലാസംവിധാനത്തിലെ പ്രത്യേകതകൾ, കഥയ്ക്കനുസരിച്ച് സ്ഥലത്തെ അവതരിപ്പിച്ചിട്ടുള്ള പ്രത്യേകതകൾ.
- കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതയ്ക്കനുസരിച്ച ചമയം.
- കഥാപാത്രങ്ങളുടെയും കഥയുടെയും ആശയത്തിനും അനുസരിച്ചുള്ള വസ്ത്രാലങ്കാരം, നിറങ്ങളുടെ തിരഞ്ഞെടുപ്പ്.

**പ്രവർത്തനം 2**

കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നീ മേഖലകളിലെ കലാകാരന്മാരെ പരിചയപ്പെടുത്തുന്നു.

**സാബു സിറിൾ (കലാസംവിധാനം)**

ഇന്ത്യയിലെ പ്രധാനപ്പെട്ട കലാസംവിധായകരിൽ (Art Director) ഒരാളാണ് മലയാളിയായ സാബു സിറിൾ. കലാസംവിധാനത്തിൽ സംസ്ഥാന, ദേശീയ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ബാഹുബലി, യന്തിരൻ, രാവൺ, അശോക, കാലാപാനി തുടങ്ങിയവ അദ്ദേഹം കലാസംവിധാനം ചെയ്ത പ്രധാന ചലച്ചിത്രങ്ങളാണ്.

**പ്രീതിഷിൽ സിങ്ങ് (ചമയം)**

ഇന്ത്യയിലെ പ്രശസ്ത ചമയം കലാകാരിയാണ് (Makeup Artist) പ്രീതിഷീൽ സിങ്ങ്. ബോളിവുഡ്, തെലുങ്ക്, തമിഴ്, മലയാളം സിനിമകളിൽ ചമയം ചെയ്തിട്ടുണ്ട്.

**ഭാനു അതയ്യ (1929 – 2020) (വസ്ത്രാലങ്കാരം)**

ഇന്ത്യൻ സിനിമയിലെ പ്രധാനിയായ ഒരു വസ്ത്രാലങ്കാര കലാകാരിയായിരുന്നു (Costume Designer) ഭാനു അതയ്യ. ഇന്ത്യയിൽ ആദ്യമായി ഈ വിഭാഗത്തിൽ "ഓസ്കാർ" പുരസ്കാരം നേടിയതും അവരാണ്. ഗാന്ധി എന്ന സിനിമയിലെ വസ്ത്രാലങ്കാരത്തിനാണ് അവർക്ക് അവാർഡ് ലഭിച്ചത്. ലെകിൻ, ലഗാൻ തുടങ്ങിയവ അവർ വസ്ത്രാലങ്കാരം നിർവഹിച്ച പ്രധാന സിനിമകളാണ്.

**വിലയിരുത്തൽ സൂചകങ്ങൾ**

- കലാസംവിധാനം
  - കഥ നടക്കുന്ന കാലഘട്ടം
  - കഥ നടക്കുന്ന സ്ഥലം
  - കാലഘട്ടത്തിലെയും വസ്തുക്കൾ
- ചമയം
  - കഥാപാത്രത്തിന്റെ പ്രായം
  - ലിംഗഭേദം

- വസ്ത്രാലങ്കാരം
    - കഥാപാത്രത്തിന്റെ ജോലി
    - സ്വഭാവസവിശേഷതകൾ
    - പ്രായം
    - ആകാരം

**വിലയിരുത്തൽ ചോദ്യങ്ങൾ**

- കലാസംവിധാനം ചെയ്യുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?
- കഥാപാത്ര രൂപീകരണത്തിന് ചമയത്തിന്റെ പ്രാധാന്യം എന്തെല്ലാം?
- വസ്ത്രാലങ്കാരത്തിന്റെ പ്രാധാന്യം വിശദമാക്കുക.

**തുടർ പ്രവർത്തനം**

ഒന്നാമത്തെ പാഠഭാഗത്തിൽ കുട്ടികൾ എഴുതിയ മരങ്ങൾ എന്ന ആശയത്തിൽ വരുന്ന തിരക്കഥയ്ക്കാവശ്യമായ കലാസംവിധാനം, ചമയം, വസ്ത്രാലങ്കാരം എന്നിവ ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ പട്ടികപ്പെടുത്തുക.

## 2.4 പാഠത്തിലൂടെ നടക്കാം

**ആമുഖം**

ഇന്ന് വളരെയേറെ പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഒരു നാടകശാഖയാണ് പ്രയോഗനാടകം (Applied Drama) വിദ്യാഭ്യാസം, സാമൂഹികപ്രവർത്തനം, ആരോഗ്യം, ഉൾച്ചേർന്ന വിദ്യാഭ്യാസം, പരിസ്ഥിതിപ്രവർത്തനം തുടങ്ങിയ മേഖലകളിൽ പ്രശ്നപരിഹാരത്തിനും പരിപോഷണ ത്തിനുമായി നാടകത്തെയും അതിന്റെ പരിശീലന പ്രക്രിയകളെയും ഉപയോഗിക്കുന്നതിന് പൊതുവായി പറയുന്ന പദമാണ് പ്രയോഗനാടകം.

1960 കളുടെ മധ്യത്തിൽ ബ്രസീലിയൻ നാടക പ്രവർത്തകനായ അഗസ്റ്റോ ബോളിന്റെ നേതൃത്വത്തിൽ ഉണ്ടായ 'ഒപ്രസ്ഡ് തിയേറ്റർ' എന്ന നാടക മുന്നേറ്റമാണ് പ്രയോഗനാടകം എന്ന ശാഖയുടെ പ്രചോദനം. ഇന്ന് വിവിധ പഠനശാഖകൾ പ്രയോഗനാടകത്തോട് ഉൾ ചേർന്ന് പ്രവർത്തിക്കുന്നു. എസ് സി ഇ ആർ ടി മഹിളാസമഖ്യക്കു വേണ്ടി മഹിളാ ശിക്ഷക് കേന്ദ്രത്തിലെ ഗോത്ര വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായ് നടത്തിയ 'ഗോത്രായനം' എന്ന പരിശീലന പരിപാടി വിദ്യാഭ്യാസ മേഖലയിലെ പ്രയോഗനാടകത്തിന് ഉദാഹരണമാണ്. വിദ്യാഭ്യാസത്തിൽ നാടകത്തെ എങ്ങനെ ഉപയോഗിക്കാം എന്നതിനുള്ള ഉദാഹരണമാണ് പാഠത്തിലൂടെ നടക്കാം എന്ന ഈ പാഠഭാഗം.

**<u>യൂണിറ്റ് ഫ്രയിം</u>**

**പഠനലക്ഷ്യങ്ങൾ**

- പ്രയോഗനാടകങ്ങളിലൂടെ മറ്റ് വിഷയങ്ങളെ ഉദ്ഗ്രഥനം ചെയ്യാനും ആശയങ്ങളെ ക്രിയാത്മകമായി ആവിഷ്ക്കരിക്കാനും കഴിവ് നേടുന്നു.

| ആശയങ്ങൾ/ ധാരണകൾ | പഠന പ്രവർത്തനങ്ങൾ /പഠനതന്ത്രങ്ങൾ | സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • പ്രയോഗനാടകം പരിചയപ്പെടൽ<br>• പാഠഭാഗങ്ങളുടെ നാടക രൂപം<br>• കളികളിലൂടെ പാഠഭാഗത്തെ ലഘൂകരിക്കുക.<br>• പാഠ്യവിഷയത്തെ നാടകത്തിലൂടെ ഉദ്ഗ്രഥിക്കാം<br>• | • നാടകക്കളരി കണ ക്കിനൊത്ത് കൈകൊട്ടാം കുട്ടികൾ കളിക്കുന്നു. കഥ വായിക്കുന്നു.<br>• കഥ നാടകമായി അവതരി പ്പിക്കുന്നു വിലയിരുത്തുന്നു.<br>• ജലത്തിന്റെ വൈദ്യുത വിശ്ലേഷണത്തെപ്പറ്റി പഠി ക്കുന്നു.<br>• പാഠ്യവിഷയനാടകം എന്തെന്ന് അറിയുന്നു<br>• പ്രമുഖ നാടകപ്രവർത്തകരെ പരിചയപ്പെടുത്തുന്നു.<br>• ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി വൈദ്യുത വിശ്ലേഷണ പ്രവർത്തനം കാണിക്കുന്നു. | • കാഡ്ബോർഡ്,<br>• ചാർട്ട്. പേപ്പർ, പശ, കളർ തുണികൾ, മേക്കപ്പ് കിറ്റ്, ആണി, ചരട് | • പാഠ്യവിഷയ നാടകം (Curriculum Drama) |

**പാഠഭാഗത്തിലൂടെ**

**പീരിഡ് -1**

**കണക്കിനൊത്ത് കൈകൊട്ടാം**

കുട്ടികൾ അവരവരുടെ ഇരിപ്പിടത്തിൽ ഇരുന്നാണ് ഈ ഗെയിം തുടങ്ങേണ്ടത്. ഒന്നു മുതൽ അൻപത് വരെ അക്കങ്ങൾ ആരോഹണക്രമത്തിൽ ഓരോ കുട്ടിയും പറയുന്നു. അഞ്ചോ അഞ്ചിന്റെ ഗുണിതങ്ങളോ പറയേണ്ട കുട്ടി നമ്പറിന് പകരം കൈക്കൊട്ടണം. (1 മുതൽ 50 വരെ എണ്ണുമ്പോൾ കൈകൊട്ടേണ്ട നമ്പർ 5, 10, 15, 20, 25, 30, 35, 40, 45, 50)

50 വരെയായാൽ പിന്നെ അവരോഹണ ക്രമത്തിൽ നമ്പർ പറയാം.

(അവരോഹണ ക്രമത്തിൽ എണ്ണുമ്പോൾ കൈക്കൊട്ടേണ്ട നമ്പർ 50, 45, 40, 35, 30, 25, 20, 15, 10, 5). ഇങ്ങനെ ഗെയിം പരിചയപ്പെട്ടാൽ പഠിതാക്കളെ ക്ലാസ്സിൽ വൃത്താകൃതിയിൽ നിർത്തി പാഠഭാഗത്തിൽ പറയുന്നതുപോലെ ഗെയിം തുടരാം.

ജലത്തിന്റെ വൈദ്യുത വിശ്ലേഷണത്തെപ്പറ്റി നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ എഴുതാൻ ആവശ്യപ്പെടുന്നു. ഇനി കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിച്ച് ഹൈഡ്രുമാരുടെയും ഓക്സുവിന്റെയും കഥ വായിക്കാൻ ആവശ്യപ്പെടുക. പാഠഭാഗത്തിൽ പറഞ്ഞിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച നടത്തി നാടകം തയ്യാറാക്കുക. കഥയുടെ മൂന്ന് ഭാഗങ്ങൾ മൂന്ന് സംഘങ്ങളായാണ് അവതരിപ്പിക്കേണ്ടത്. അവതരണത്തിൽ ക്ലാസ്റൂമിൽ ലഭ്യമായ വസ്തുക്കൾ യുക്തിക്കനുസരിച്ച് രംഗസാമഗ്രികളായി ഉപയോഗിക്കാം. അവതരണസ്ഥലം ഓരോ സംഘങ്ങൾക്കും തങ്ങളുടെ അവതരണ സ്വഭാവത്തിനനുസരിച്ച് തീരുമാനിക്കാം.

**കഥ നടക്കുന്ന സ്ഥലം**

ഈ കഥയിലെ കഥാപാത്രങ്ങളും സംഭവങ്ങളും യഥാർത്ഥ ജീവിതത്തിൽ ഉള്ളവരല്ല. അതുകൊണ്ട് ഈ കഥ നടക്കുന്നത് ഒരു സാങ്കല്പിക ഇടത്തിലാണെന്ന് അനുമാനിക്കാം. ഇത് കുട്ടികളുടെ ഭാവനയ്ക്കനുസരിച്ച് നിർമ്മിക്കാം.

**കഥാപാത്രങ്ങൾ**

ഹൈഡ്രു - ഹൈഡ്രജൻ

ഓക്സു- ഓക്സിജൻ

ഇലക്ട്രാ - ഇലക്ട്രിസിറ്റി

സൾഫു - സൾഫ്യൂരിക് ആസിഡ്

ആനോഡ്

കാഥോഡ്

**കഥാപാത്രങ്ങളും പ്രത്യേകതകളും**

ജലത്തെയാണ് ($H_2O$) ഇവിടെ ഹൈഡ്രജന്റെയും ഓക്സിജന്റെയും സൗഹൃദം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ജലം ജീവന്റെ ആധാരമായതിനാൽ സഹജീവികളോട് സ്നേഹത്തിലും സൗഹാർദത്തിലുമാണ് ഹൈഡ്രുമാരും ഓക്സുവും പെരുമാറുന്നത്. തമ്മിൽ പിരിക്കാൻ ശ്രമിക്കുന്ന

കഥാപാത്രമാണ് ഇവിടെ ഇലക്ട്രയും ആനോഡും കാഥോഡും. കാഴ്ചയിൽ ജലത്തെപോലെയുള്ള സൾഫു താനും ജലമാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് പെരുമാറുന്നത്.

**കഥാപാത്രങ്ങളുടെ രൂപവും വേഷവിധാനങ്ങളും**

ഓരോ സംഘത്തിനും അവരുടെ സർഗാത്മതക്കനുസരിച്ച് തീരുമാനിക്കാം.

മൂന്നു സംഘങ്ങളായാണ് നാടക അവതരിപ്പിക്കേണ്ടത്.

**പീരിഡ് - 2**

**സംഘം 1 - ഹൈഡ്രുമാരുടെയും ഓക്സുമാരുടെയും സൗഹൃദം.**

എങ്ങനെയായിരുന്നു ഇവർ തമ്മിലുള്ള സൗഹൃദം, ഇവരുടെ പരസ്പരമുള്ള കരുതൽ ഏതുവിധത്തിൽ ആയിരുന്നു, സഹജീവികളുമായുള്ള ഇവരുടെ പരസ്പരബന്ധം എങ്ങനെയായിരിക്കാം ഇതൊക്കെ മനസ്സിലാക്കുന്ന തരത്തിലായിരിക്കണം അവതരണം. അനുയോജ്യമായ പാട്ടുകളും സംഗീതവും അവതരണത്തിൽ ഉപയോഗിക്കണം.

- **സംഘം - 2 ഹൈഡ്രുമാരുടെയും ഓക്സുമാരെയും തമ്മിൽ തെറ്റിക്കാനുള്ള ഇലക്ട്രയുടെ തന്ത്രങ്ങൾ**

ഇലക്ട്ര എന്ന കഥാപാത്രം അനുയോജ്യമായ സംഗീതത്തോടെ അരങ്ങിലേക്ക് പ്രവേശിപ്പിക്കുക. ഇലക്ട്രയും ആനോഡും കാഥോഡും തമ്മിലുള്ള സംഭാഷണങ്ങൾ പുരോഗമിക്കുന്നു. മറ്റുള്ളവരുടെ സ്നേഹത്തിലും സൗഹൃദത്തിലും അസൂയ ഉള്ളവനാണ് ഇലക്ട്ര. ഈ സ്വഭാവം മനസ്സിലാവുന്ന തരത്തിലുള്ള സംഭാഷണങ്ങളായിരിക്കണം ഇലക്ട്രയുടേത്. അങ്ങനെ ഇവരെ തമ്മിൽ തെറ്റിക്കാനുള്ള തീരുമാനത്തിൽ എത്തിച്ചേരുന്നതിലേക്ക് ഈ രംഗം പുരോഗമിക്കണം.

**ടീച്ചേഴ്സ് വേർഷൻ (മാതൃക)**

ഇലക്ട്രക്ക് രംഗപശ്ചാത്തലമായി ഉപയോഗിക്കാൻ കഴിയുന്ന താളത്തിന് ഉദാഹരണം.

"തക തകിട....

തക തകിട...."

ടീച്ചറിന്റെ മനോധർമ്മം അനുസരിച്ച് മറ്റ് പാട്ടോ താളമോ ഉപയോഗിക്കാം.

ഇലക്ട്ര : വെള്ളം.. വെള്ളം.. വെള്ളം.. എവിടെ തിരിഞ്ഞാലും എല്ലാവർക്കും പറയാൻ ഇത് മാത്രം...

ആനോഡ് : ആ ഹൈഡ്രുമാരുടെയും ഓക്സുവിന്റെയും സൗഹൃദം. അതാണ് ഇതിനെല്ലാം കാരണം.

കാഥോഡ് : നമുക്ക് ഈ നാട്ടിൽ ഒരു വിലയുമില്ല.

ഇലക്ട്ര : അതെ എങ്ങനെയും അവരുടെ സൗഹൃദം നമുക്ക് തകർക്കണം.

സംഘം രണ്ടിന്റെ സംഭാഷണങ്ങൾക്കുള്ള ഉദാഹരണമാണ് മേൽപറഞ്ഞത്. ടീച്ചറിന്റെയും കുട്ടികളുടെയും മനോധർമ്മമനുസരിച്ച് ഈ രംഗം വിപുലീകരിക്കാം.

**സംഘം - 3 വേർപിരിയേണ്ടി വന്ന ഓക്സുവിന്റെയും ഹൈഡ്രമാരുടെയും ചിന്തകൾ**

സൗഹൃദങ്ങൾക്കിടയിൽ ഉണ്ടാകുന്ന പിണക്കം, വിരഹം, വേദന എന്നീ അവസ്ഥകൾ ഈ അവതരണത്തിൽ സംഭാഷണമായിവരുന്ന പ്രദർശിപ്പിക്കാവുന്നതാണ്.

ഐസിടിയുടെ സഹായത്തോടെ പാഠഭാഗത്തിലെ ജലത്തിന്റെ വൈദ്യുതവിശ്ലേഷണത്തിന്റെ പ്രവർത്തനം അടങ്ങിയ വീഡിയോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ആദ്യത്തെ ഡയറക്ടർ ആരായിരുന്നു?
  - ഇബ്രാഹിം അൽകാസി
- പാഠ്യവിഷയ നാടകത്തെപ്പറ്റി കുറിപ്പ് തയ്യാറാക്കുക?
- അപ്ലയ്ഡ് ഡ്രാമ ഉപയോഗിക്കുന്ന മേഖലകൾക്ക് മൂന്ന് ഉദാഹരണങ്ങൾ എഴുതുക.

## 2.5 താഴ്‌വരകളുടെ നൃത്തം

**ആമുഖം**

താഴ്‌വരകളുടെ നൃത്തം എന്ന യൂണിറ്റിൽ മണിപ്പൂരിന്റെ തനത് നൃത്തരൂപങ്ങളായ മണിപ്പൂരി, പങ്ചോലം, മണിപ്പൂരിന്റെ തന്നെ ആയോധന നൃത്തമായ താങ്ത അസമിന്റെ നൃത്തരൂപമായ സത്രിയ എന്നീ കലകളുടെ അടിസ്ഥാനവിവരങ്ങളാണ് ചേർത്തിരിക്കുന്നത്. മണിപ്പൂരി ഇന്ത്യയിലെ ശാസ്ത്രീയ നൃത്തരൂപങ്ങളിൽ പ്രഥമ സ്ഥാനത്തുള്ള നൃത്തരൂപമാണ്. വടക്ക്കിഴക്കൻ സംസ്ഥാനത്തിലെ നൃത്തരൂപങ്ങളുടെ ചലനസവിശേഷത, ആഹാര്യം, അവതരണം, കലാകാരന്മാർ എന്നിവയെല്ലാം ഈ യൂണിറ്റിലൂടെ പരിചയപ്പെടുത്തുന്നു.

<u>**യൂണിറ്റ് ഫ്രെയിം**</u>

**പഠനലക്ഷ്യങ്ങൾ**

- വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ നൃത്തരൂപങ്ങളെ അറിയുവാനുള്ള താല്പര്യം വർദ്ധിക്കുന്നു
- ശാസ്ത്രീയ കലകളുടെ പൊതുവായ അടിസ്ഥാന തത്വങ്ങളെ മനസ്സിലാക്കി കലകളെ കൂടുതൽ ആസ്വദിക്കുന്നു.
- പ്രസ്തുത നൃത്തരൂപങ്ങളിലെ ശരീര ചലനത്തെ മനസ്സിലാക്കി അവതരിപ്പിക്കുന്നു.

| ആശയം/ധാരണ | പഠന പ്രവർത്തനങ്ങൾ/ പഠനതന്ത്രങ്ങൾ | പഠന സാമഗ്രികൾ | ഉൽപ്പന്നങ്ങൾ |
|---|---|---|---|
| • ഓരോ നൃത്ത രൂപങ്ങളുടെയും ചലനരീതികൾ അതത് പ്രദേശത്തിന്റെ ഭൂപ്രകൃതിയുമായും ഭൂസവിശേഷതയുമായും ബന്ധപ്പെട്ടിരിക്കുന്നു.<br>• നൃത്തത്തിന്റെ രണ്ട് പ്രധാന വകഭേദങ്ങളായ ലാസ്യം, താണ്ഡവം എന്നിവയെക്കുറിച്ചുള്ള ധാരണ വാദ്യം വായിച്ചു കൊണ്ട് നൃത്തം ചെയ്യുന്ന രീതിയാണ് 'പങ്ചോലം' ലോകമെമ്പാടും ആയോധനകലകളുമായി ബന്ധപ്പെട്ട നൃത്തരൂപങ്ങൾ നില വിലുണ്ട്. | • മണിപ്പൂരി, താങ്ത, പങ്ചോലം, സത്രിയ എന്നീ കലാരൂപങ്ങളുടെ പ്രദർശനം<br>• ഐസിടിയിലൂടെ പ്രസ്തുത നൃത്തരൂപങ്ങൾ പരിചയപ്പെടുത്തുന്നു.<br>• ഓരോ നൃത്ത രൂപത്തിന്റെയും ചലന സവിശേഷത, വേഷം,ആഭരണങ്ങൾ, ഈണം, താളം, ഭാഷ എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ<br>• മണിപ്പൂരി നൃത്തത്തിന്റെ ചലന സവിശേഷതയായ ജലത്തിലൂടെ ഒഴുകുന്നതുപോലെ ചലിക്കാനുള്ള പ്രവർത്തനങ്ങൾ.<br>• വാദ്യം വായിച്ചുകൊണ്ട് ചെയ്യുന്ന പങ്ചോലം കയ്യിൽ കോലുകളോ, ദഫോ പിടിച്ചു കൊണ്ട് ചെയ്യുന്നു.<br>• വാദ്യം വായിച്ചുകൊണ്ട് ചെയ്യുന്ന മറ്റു നൃത്തരൂപങ്ങളുടെ അവതരണങ്ങൾ ഐസിടി സാധ്യത | • കോലുകൾ, ദഫ്, കുഴിത്താളം<br>• മണിപ്പൂരി താങ്ത, സത്രിയ, പങ്ചോലം എന്നിവയുടെ ചിത്രങ്ങൾ കലാകാരന്മാരുടെ ചിത്രങ്ങൾ, ഐസിടി സാധ്യതകൾ. | • കുട്ടികൾ നൃത്തം ചെയ്യുന്ന വീഡിയോ ഫയൽ |

| | | | |
|---|---|---|---|
| • സംഘം ചേർന്നു ചെയ്യുന്ന നൃത്തത്തിന് വ്യത്യസ്തമായ ചലനസ്വഭാവങ്ങളും അവയ്ക്ക് നാട്യശാസ്ത്ര നാമങ്ങളും ഉണ്ട്.<br>• വ്യത്യസ്ത ഈണ ങ്ങളെയും താളങ്ങ ളെയും കുറിച്ചുള്ള ധാരണ. | ഉപയോഗിച്ച് പ്രദർശിപ്പിക്കാം.<br>• ആയുധം ഉപയോഗിച്ചുകൊണ്ടുള്ള താങ്ങ്തക്ക് സമാനമായ കളരിപ്പയറ്റിന്റെ ഐസിടി പ്രദർശനം.<br>• സംഘമായി ചെയ്യുന്ന പിണ്ടി ബന്ധം, ശൃംഖല, ലത, ഭേദ്യക എന്നീ ചലന സ്വഭാവങ്ങളെ ക്ലാസിൽ അവതരിപ്പിക്കാനുള്ള പ്രവർത്തനം.<br>• സത്രിയ നൃത്തത്തിന്റെ ഈണ ത്തിനും താളത്തിനു മനുസരിച്ച് സ്കൂൾ റിസോഴ്സ് ഫോൾഡറിലെ സത്രിയ നൃത്ത ചലനങ്ങൾ അനുകരിക്കാനുള്ള പ്രവർത്തനം.<br>• മണിപ്പൂരി, താങ്ങ്ത, 'പങ്ചോലം', സത്രിയ എന്നീ അവതരണങ്ങളോ സോദാഹരണ പ്രഭാഷണങ്ങളോ നേരിൽ കാണുവാൻ സാഹചര്യ മുണ്ടെങ്കിൽ അവസരം ഒരുക്കൽ. | | |

**പാഠപുസ്തകത്തിലൂടെ**

**പീരിയഡ് 1**

**പ്രവർത്തനം**

ഒന്നാം പീരീഡ് ഒരു പ്രവർത്തനത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ആദ്യം തന്നെ കുട്ടികളെ നാല് ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനേയും വിളിച്ച് കുട്ടികളെ വരിവരിയായി നിർത്തുന്നു. വെള്ളത്തിലൂടെ പൂക്കൾ ഒഴുകുന്നതുപോലെ ചലിക്കുവാൻ കുട്ടികളോട് ആവശ്യപ്പെടാം. ശരീരത്തിന് ഒട്ടും ബലം കൊടുക്കാതെ ഒഴുക്കോട് ചലിക്കുവാൻ കുട്ടികളോട് പറയുന്നു. ചലിക്കുമ്പോൾ പൂക്കൾ ഒഴുക്കിൽപ്പെട്ട് ഉയരാനും താഴാനും ചുഴികളിൽപ്പെട്ട് വട്ടത്തിൽ കറങ്ങാനുള്ള അവസരം ഉണ്ടാകണം. ഈ ചലന പ്രക്രിയ പൂർത്തിയാകുമ്പോൾ മണിപ്പൂരി നൃത്തത്തിന്റെ വീഡിയോ കാണിക്കുന്നു. ഓരോ ഗ്രൂപ്പും ചെയ്ത പ്രവർത്തനം ഈ നൃത്തരൂപവുമായി എങ്ങനെയെല്ലാം സാമ്യപ്പെട്ടിരിക്കുന്നു എന്ന് ചർച്ച ചെയ്യുന്നു. തുടർന്ന് മണിപ്പൂരി നൃത്തഗാനത്തോടൊപ്പം പൂക്കൾ ഒഴുകുന്ന ചലനം ചെയ്യുവാനായി ആവശ്യപ്പെടാം. (ഓരോ ഗ്രൂപ്പിനെ കൊണ്ടും ഈ പ്രവർത്തനം ക്ലാസ് റൂമിൽ ചെയ്യിക്കേണ്ടതാണ്).

**പീരീഡ് 2**

മണിപ്പൂരി നൃത്തത്തിന്റെ ചലനം ക്ലാസ്മുറിയിൽ പ്രവർത്തനത്തിലൂടെ ആദ്യത്തെ പീരീഡ് ചെയ്തുകഴിഞ്ഞു. തുടർന്ന് മണിപ്പൂരിലെ തന്നെ മറ്റു നൃത്തരൂപങ്ങളായ പങ്ചോലം, താങ്ങ്ല എന്നിവയും ഐസിടി സാധ്യതയോടുകൂടി ക്ലാസിൽ പരിചയപ്പെടുന്നു. 'താങ്ങ്ല' എന്ന ആയോധന നൃത്തരൂപത്തെ പരിചയപ്പെടുത്തുമ്പോൾ പരിചമുട്ടുകളി, കളരിപ്പയറ്റ് തുടങ്ങിയ കേരളീയ ആയോധനകലകളെ കൂടി

ഉദാഹരിക്കാം. ശേഷം, ആസാമിന്റെ നൃത്തരൂപമായ സത്രിയ ഐസിടി സാധ്യതയിലൂടെ ക്ലാസിൽ പ്രദർശിപ്പിക്കാം. പിണ്ടിബന്ധം, ശൃംഖല, ലത, ഭേദ്യക എന്നിവ നാട്യശാസ്ത്രത്തിൽ സംഘമായി ചെയ്യുന്ന നൃത്തത്തിന്റെ ചലനസ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള തരംതിരിവുകളാണ്. തുടർന്ന് ഒരു പ്രവർത്തനത്തിലേക്ക് പോകുന്നു. കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുക. മണിപ്പൂരി നൃത്തത്തിന്റെ ചലനം അവതരിപ്പിച്ചതുപോലെ സത്രിയ നൃത്തം നിരീക്ഷിച്ച് സത്രിയയുടെ ചലനം അവതരിപ്പിക്കുവാനുള്ള നിർദ്ദേശം നൽകാം.

(കുട്ടികൾ സത്രിയ നൃത്തം നിരീക്ഷിച്ചതിനുശേഷം അതിന്റെ ചലനം ഗ്രൂപ്പുകളായി അവതരിപ്പിക്കാൻ ശ്രമിക്കുന്നു).

തുടർന്ന് പാഠപുസ്തകത്തിലെ വിശദാംശങ്ങൾ കുട്ടികൾക്ക് വിവരിച്ചു നൽകിക്കൊണ്ട് ടീച്ചർ ക്രോഡീകരിക്കുന്നു.

**പിണ്ടി ബന്ധം**

ക്ലാസിലെ എല്ലാ വിദ്യാർത്ഥികളും ഒരുമിച്ചുനിന്ന് നൃത്തം ചെയ്യാൻ ആവശ്യപ്പെടുക. അതിനായി ഏതെങ്കിലും പാട്ട് അകമ്പടിയായി നൽകാം. എല്ലാവരും ഒരുമിച്ച് ചെയ്യുന്ന നൃത്തമാണ് പിണ്ടിബന്ധം.

**ശൃംഖല**

വിദ്യാർഥികൾ രണ്ടു സംഘമായി നിൽക്കുക ഓരോ സംഗവും വരിയായി നിരന്ന് നിന്നതിനു ശേഷം ഓരോ വരിയിലെ കുട്ടികൾ ഇടകലർന്നു ചലിക്കുക.

| | | | | | |
|---|---|---|---|---|---|
| | 1 | | | 2 | |
| A | (1) | B | A | (2) | B |
| A | | B | A | | B |

മറ്റു രീതികളിലും എല്ലാ കുട്ടികളും കൈകൾ പരസ്പരം കോർത്തുപിടിച്ച് ചലിക്കാം. അതും ശൃംഖലയ്ക്ക് ഉദാഹരണമാണ്.

**ലത**

നേർ രേഖയിൽ അല്ലാതെ വളഞ്ഞുപുളഞ്ഞു സംഘമായി ചലിക്കുന്നതാണ് ലത.

**ഭേദ്യക**

സംഘമായി ചലിക്കുന്നിടത്തു നിന്നും ഒരാളോ ഒന്നിൽ കൂടുതൽ പേരോ വേർപെട്ട് ചലിക്കുന്നത് ഭേദ്യക.

ഈ ചലനരീതികളെ ക്ലാസ്സിൽ അധ്യാപകന്റെ/അധ്യാപികയുടെ സർഗാത്മകതക്കനു
സരിച്ച് ചിട്ടപ്പെടുത്താം.

**തുടർ പ്രവർത്തനം**

- കൂടുതൽ വ്യത്യസ്തമായ ചലനങ്ങളെ സൃഷ്ടിക്കുവാനുള്ള ശ്രമം.
- പാഠഭാഗത്ത് പരാമർശിക്കുന്ന വടക്കുകിഴക്കൻ നൃത്തരൂപങ്ങൾ കണ്ടെത്താം
- പാഠഭാഗത്ത് പരാമർശിച്ച നൃത്തരൂപകളുടെ കൂടുതൽ വിവരങ്ങൾ/ചിത്രങ്ങൾ ശേഖരിക്കൽ.

**വിലയിരുത്തൽ ചോദ്യങ്ങൾ**

- മണിപ്പൂരി, സത്രിയ തുടങ്ങിയ നൃത്തരൂപങ്ങളുടെ സമാനതകൾ വ്യത്യസ്തതകൾ?
- താങ്ത്ത എന്ന അയോധന നൃത്തരൂപത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം...?
- എല്ലാവരും ഒരുമിച്ച് നിന്ന് നൃത്തം ചെയ്യുന്ന ചലനങ്ങൾക്ക് പറയുന്ന പേരെന്ത്?
- നിരന്തര മൂല്യനിർണയം